# ഗോസ്പൽ മെസഞ്ചർ

₹12

VOLUME XVII ISSUE 2 | MAY 2026 | ക്രിസ്തീയ കുടുംബ മാസിക



# E D I T O R I A L

## ഇവരോട് ക്ഷമിക്കേണമേ



റവ. പി.വി. യാക്കോബ്

ഒഡീഷയിലുള്ള ധെൻകാനൻ ജില്ലയിലെ പർജാങ് ഗ്രാമത്തിൽ ഭക്തജനങ്ങളുടെ ഒരു പ്രാർത്ഥന നടന്നുവരികയായിരുന്നു. ഈ പ്രാർത്ഥനകൾ നയിച്ചിരുന്നത് പാസ്റ്റർ ബിപിൻ ബിഹാരി നായിക് ആണ്. 2026 ജനുവരി 4-ന് ഇരുപതോളം ക്രുദ്ധരായ യുവാക്കൾ അക്രമാസക്തരായി ഇവിടേക്ക് കടന്നുവന്നു. പാസ്റ്ററെ ആക്രമിച്ച് മുറിവേല്പിച്ചു; ചാണകം തീറ്റിച്ചു; ചെരിപ്പ്മാല അണിയിച്ച് തെരുവിലൂടെ പരസ്യമായി നടത്തി; അഴുക്കുചാലിലെ വെള്ളം കുടിപ്പിച്ചു.

അതിക്രൂരവും ഹീനവുമായ ഈ അതിക്രമങ്ങളെക്കുറിച്ച് മാധ്യമപ്രവർത്തകർ ആരാഞ്ഞപ്പോൾ പാസ്റ്റർ പറഞ്ഞു: "അവർ എന്നോട് ചെയ്തത് വലിയ ക്രൂരതയാണ്. പക്ഷെ, അവർ ചെയ്യുന്നത് എന്താണ് എന്ന് അവർ അറിയുന്നില്ല; ഞാൻ അവരോട് ക്ഷമിച്ചിരിക്കുന്നു. യേശുക്രിസ്തു കാണിച്ചുതന്ന പാത ക്ഷമയുടെ പാതയാണ്. ആ പാതയിലൂടെ നീങ്ങുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്."

യേശുക്രിസ്തു മതകോടതികളുടെയും സിവിൽകോടതികളുടെയും മുമ്പാകെ വിസ്തരിക്കപ്പെട്ടു. അനന്തരം യേശു പരിഹസിക്കപ്പെട്ടു; ചാട്ടവാറടി ഏറ്റു; മുഖത്ത് തുപ്പലേറ്റു; അവർ മുൾക്കിരീടം ചൂടിച്ചു; അത് തലയിൽ അടിച്ചിറക്കി. യേശു, തന്നെ ക്രൂശിപ്പാനുള്ള കുരിശുമായി ഗൊല്ഗൊഥായിലേക്ക് നടന്നു പോയി.

തലയോടിടം എന്ന സ്ഥലത്ത് എത്തിയപ്പോൾ അവർ മേലങ്കിയും വസ്ത്രങ്ങളും അഴിച്ചുമാറ്റി; നിലത്ത് ഇട്ടിരുന്ന കുരിശിൽ മലർത്തിക്കിടത്തി. കുറുകെയുള്ള തുലാത്തിൽ കർത്താവിന്റെ പവിത്രമായ കരങ്ങൾ നീട്ടിവച്ച് കാരിരുമ്പാണികൾ അടിച്ചുകയറ്റി. കാലുകൾ കീഴോട്ട് വലിച്ചുചേർത്ത് പാദങ്ങളിൽ ആണി അടിച്ചുറപ്പിച്ചു; യേശുവിനെ കുരിശിൽ തൂക്കി. ക്രൂരമായ പീഢകളുടെ അന്ത്യത്തിൽ യേശു: "പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ എന്നു പറഞ്ഞു" (ലൂക്കൊ 23:34). എത്ര ഉന്നതവും അതുല്യവുമായ പ്രാർത്ഥന!

ക്രിസ്തുവിന്റെ ഈ പാതയാണ് പാസ്റ്റർ ബിപിൻ ബിഹാരി നായിക് സ്വീകരിച്ചത്. അനേക വിശുദ്ധന്മാർ പീഢനങ്ങളുടെ മദ്ധ്യത്തിൽ പ്രാർത്ഥിച്ചിട്ടുള്ളതും ഇങ്ങനെതന്നെയാണ്. സ്തെഫാനൊസ് കല്ലേറുകൊണ്ട് മരണവേദനയിൽ ആയപ്പോൾ പരിശുദ്ധാത്മാവിൽ നിറഞ്ഞു; മുട്ടുകുത്തി പ്രാർത്ഥിച്ചു; "കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ" ക്ഷമിക്കുവാനായി ദൈവം നൽകുന്ന കൃപ!

സുവിശേഷവിരോധികളോട് മാത്രമല്ല, വ്യക്തി, കുടുംബ കൂട്ടായ്മ ബന്ധങ്ങളിലും മുറിവേല്ക്കപ്പെടുമ്പോൾ ക്ഷമിക്കുവാനും ക്ഷമ ചോദിക്കുവാനും ദൈവകൃപ ആവശ്യമാണ്.

ദൈവജനമേ, നമുക്കും ആ കൃപ പ്രാപിക്കാം; ശക്തരാകാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# CONTENTS


03 ഞങ്ങൾ പണിയുന്നു
ഡോ. വി. പി. മത്തായി വാലയിൽ

05 സംഘർഷങ്ങളിൽ നിന്നുള്ള പാഠങ്ങൾ
ഡോ. നെൽസൻ മാത്യു വാലയിൽ

07 ദാമ്പത്യബന്ധം ആസ്വാദ്യമാക്കാൻ ലൈംഗികവിശുദ്ധി
പ്രൊഫ. ജോൺ സഖറിയ

09 മറക്കാനാവുന്നില്ല ഗോവണി കണ്ട രാത്രിയും മൽപ്പിടുത്തത്തിൽ മുടന്തിപ്പോയ രാത്രിയും
ബാബു അഞ്ചേരി

11 ദൈവത്തിന്റെ മുഖം അന്വേഷിക്കുക
സോജ ടോണി

13 തടസ്സങ്ങളെ മാറ്റുക (തുടർച്ച)
റവ. ബേസിൽ ജോർജ്ജ്

15 താഴ്മയോടെ ജീവിച്ചാൽ
ടീച്ചർ

25 പൌലൊസിന്റെ സ്നേഹബന്ധങ്ങൾ
റവ. സണ്ണി. കെ. ജോൺ

- അഗ്നി അഗ്നിയെ ഉൽപ്പാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം



EDITORIAL BOARD

PUBLISHER : Dr. V. P. Mathai Valayil
CHIEF EDITOR : Rev.P.V. Yacob
EXECUTIVE EDITOR : Rajan M Thomas
EDITOR : Baby George
MEMBERS : Dr. Nelson Mathew, Soja Tony, Alice Shajan, Sajitha M.S.



GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist., Kerala 683556

egmofindia@gmail.com
8281616654

For Donation to Gospel Messenger



ഡയറക്ടറുടെ കത്ത്

ഡോ. വി.പി. മത്തായി വാലയിൽ

# "ഞങ്ങൾ പണിയുന്നു"

## WE ARE BUILDING

**മെയ്മാസം ഒന്നാം തീയതി ഇ.ജി.എം. ഓഫ് ഇന്ത്യയുടെ പത്തൊമ്പതാമത് സ്ഥാപകദിനമാണ്. ഓർക്കാനും സ്തോത്രംചെയ്യാനും ദൈവം തന്ന ദിവസമാണത്.**

വേദപുസ്തകത്തിലെ എന്നെ വളരെ സ്വാധീനിച്ച ഒരു വാക്യത്തിന്റെ ഒരംശമാണിത് "ഞങ്ങൾ സ്വർഗ്ഗത്തിന്നും ഭൂമിക്കും ദൈവമായിരിക്കുന്നവന്റെ ശുശ്രൂഷക്കാരാകുന്നു; ഏറിയ സംവത്സരം മുമ്പേ പണിതിരുന്ന ആലയം ഞങ്ങൾ പണിയുന്നു" (എസ്രാ 5:11). എന്റെ ജീവിതാനുഭവത്തോട് ചേർത്ത് ബന്ധിക്കപ്പെട്ട ഒരു സന്ദേശമാണിത്, വാഗ്ദത്തമാണിത്. മിഷൻപ്രവർത്തനത്തെ എന്റെ ജീവിതത്തോടും ചേർത്തുവെച്ച വാക്യമാണിത്. എനിക്ക് എന്റെ കർത്താവ് തന്ന വ്യക്തമായ ദർശനവുമാണിത്. അതിന്റെ ഉൽപ്പന്നമായി സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യ എന്ന പ്രസ്ഥാനം 1994-ൽ തുടങ്ങിവെച്ചു. ആ പ്രസ്ഥാനത്തെ ഓർക്കാതെ എനിക്ക് എന്റെ മിഷൻപ്രവർത്തനം പറഞ്ഞുതുടങ്ങാൻ കഴിയില്ല. ഇന്നും എന്റെ വ്യക്തിഗത പ്രാർത്ഥനയിൽ മറക്കാതെ ഓർത്തു പ്രാർത്ഥിക്കുന്ന മിഷനറി പ്രസ്ഥാനവുമാണ് സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യ. പ്രസ്ഥാനത്തിൽ നിന്നും ഞാൻ നിഷ്കാസിതനായതുകൊണ്ട് ആ ദർശനമോ പ്രസ്ഥാനമോ അവസാനിക്കുന്നില്ലല്ലോ.

1994-ൽ ദൈവം തന്ന ആ ദർശനമാണ് 2008 മെയ്മാസം ഒന്നാം തീയതി മറ്റൊരു സാഹചര്യത്തിൽ ഇ.ജി.എം. ഓഫ് ഇന്ത്യ എന്ന പേരിൽ ആരംഭിച്ചത്. പേര് മാത്രമേ മാറിയിട്ടുള്ളൂ. മറ്റ് സ്വഭാവത്തിന് മാറ്റം വരുത്താതെയും കുറെക്കൂടെ വിശാലമായ കാഴ്ചപ്പാടോടും സ്വാതന്ത്ര്യത്തോടുംകൂടെ 1994-ൽ ലഭിച്ച ആ ദർശനം വളർത്തിയെടുക്കുവാൻ സർവ്വശക്തനായവൻ സഹായിച്ചു.

മെയ്മാസം ഒന്നാം തീയതി ഇ.ജി.എം. ഓഫ് ഇന്ത്യയുടെ പത്തൊമ്പതാമത് സ്ഥാപകദിനമാണ്. ഓർക്കാനും സ്തോത്രംചെയ്യാനും ദൈവം തന്ന ദിവസമാണത്.


## ആവശ്യമുണ്ട്

വാർദ്ധക്യസഹജമായ കാരണങ്ങളാലും മക്കളുടെ അസാന്നിധ്യത്താലും ഒറ്റപ്പെട്ടുപോയ മുതിർന്നവർക്കും, കർത്താവിന്റെ വേലയിൽ നിന്ന് വിരമിച്ച് വിശ്രമജീവിതം നയിക്കുന്നതിനോടൊപ്പം പരിചരണം ആവശ്യമായവർക്കുമായി DOXA CARE VILLAGE എന്ന ഒരു സ്ഥാപനം ആരംഭിക്കുന്നതിന് 1–2 ഏക്കർ സ്ഥലം ആവശ്യമുണ്ട്.

കൂടുതൽ വിവരങ്ങൾക്കായി:
+91 8281 616654 / +91 94477 07654 എന്നീ നമ്പറുകളിലോ ബന്ധപ്പെടേതാണ്.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഭാരിച്ച ഒരു ഉത്തരവാദിത്വം വിശ്വസ്തൻ എന്ന് എണ്ണി എന്റെ കയ്യിൽ ഏൽപ്പിച്ചതാണ്. പിതൃതുല്യം പ്രാർത്ഥനാപൂർവ്വം സ്നേഹിക്കുന്ന ഈ പ്രസ്ഥാനങ്ങളുടെ വളർച്ച എന്നെ സംബന്ധിച്ചിടത്തോളം എനിക്ക് സ്വകാര്യമായ സന്തോഷവും സംതൃപ്തിയും നൽകുന്നതാണ്. കർത്താവിന്റെ വരവുവരെ അവന്റെ വേല ഏതു പേരിലായാലും സമൃദ്ധിയായി നടക്കണം എന്ന്മാത്രമേ ഉള്ളു.

ഇ.ജി.എം. ഓഫ് ഇന്ത്യ ആരംഭിച്ചതുമുതൽ ഈ ലേഖനം എഴുതുന്ന സമയംവരെ ചിലർക്കെങ്കിലും ഈ പ്രസ്ഥാനത്തോടുള്ള ദേഷ്യം അവസാനിച്ചിട്ടില്ല എന്ന് തോന്നിപ്പോകുന്നുണ്ട്. പക്ഷേ സാരമില്ല കർത്താവ് എല്ലാം നന്നായി ചെയ്യുന്നവനാണല്ലോ.

പിന്നിട്ട വർഷങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ സഹനത്തിന്റെ വിശാലമായ മേഖലകളിലൂടെയാണ് മിഷൻ യാത്രചെയ്തത്. പതറിപ്പോകേണ്ട ധാരാളം അവസരങ്ങൾ ഉണ്ടായിരുന്നു. പക്ഷേ കർത്താവ് വിശ്വസ്തനായിരുന്നു. "തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ" (1 കൊരിന്ത്യർ 1:9). വിളിക്കപ്പെട്ട എല്ലാ മക്കൾക്കും വിശ്വസ്തനായ പിതാവാണ് നമ്മുടെ കർത്താവ്. നമ്മെ സംരക്ഷിക്കുന്നതിൽ കർത്താവ് വിശ്വസ്തനായതിനാലാണ് നമ്മുടെ മിഷന് പത്തൊമ്പതാമത് സ്ഥാപകദിനം കാണാൻ അവസരം ലഭിച്ചത്. മിഷൻപ്രവർത്തനം ആരംഭിച്ചശേഷം മുന്നിൽ അഭിമുഖീകരിക്കേണ്ടിവന്ന വിഷയങ്ങൾ അത്രമാത്രം ഗുരുതരമായവയായിരുന്നു. പക്ഷേ ദൈവം സൂക്ഷിച്ചു. നമ്മെ വ്യക്തിപരമായും കൂട്ടായ്മയായും സൂക്ഷിച്ചു. കോവിഡ് ഒരു വലിയ വെല്ലുവിളി ഉയർത്തി. പക്ഷേ മിഷന്റെ പ്രവർത്തനത്തിൽ ഇതുപോലെ കർത്താവ് നേരിട്ട് യുദ്ധംനയിച്ച കാലം മുമ്പോ പിമ്പോ ഉണ്ടായിട്ടില്ല. കോവിഡിനുശേഷം മിഷന് ദൈവം നടത്തിയ സാക്ഷ്യങ്ങളേ പറയാനുള്ളു. സമയബന്ധിതമായി ആരാധനാലയങ്ങൾ, വിശ്വാസികളുടെ സ്നാനം, ഇ.ജി.എം. സൺഡേ സ്കൂൾ, കൃപാ ഭവൻ ദാൻ യോജന, വിദ്യാകിരൺ യോജന, ആത്മീക വികാസ് യോജന ഇതെല്ലാം കോവിഡാനന്തര മിഷനിലെ ദൈവിക പ്രവർത്തിയാണ്. ശക്തമായ ഒരു പ്രാർത്ഥനാക്കൂട്ടത്തെ കർത്താവ് നമുക്ക് രൂപപ്പെടുത്തിത്തന്നു എന്ന് എടുത്തുപറയേണ്ടതാണ്. 2021 മെയ്മാസം മുതൽ ഒരുദിവസം പോലും മുടങ്ങാതെ 'മോർണിംഗ് ഫെലോഷിപ്പ്' എന്ന പേരിൽ കൂട്ടായ്മ ആരംഭിച്ചിട്ട് 1825 ദിവസങ്ങൾ ആകുന്നു. ഈ പ്രേയർ നമ്മുടെ മിഷനെ ശക്തിപ്പെടുത്തുകയും വളർത്തുകയും ചെയ്യുന്നതിൽ അതിനിർണ്ണായകമായ പങ്ക് വഹിക്കുന്നു. താത്പര്യമെങ്കിൽ ഈ ലിങ്കിൽ താങ്കൾക്കും ജോയിൻ ചെയ്യാം (https://meet.google.com//iib-yyvd-seq)

നമ്മെ സൂക്ഷിക്കുന്നതിൽ നമ്മുടെ ദൈവം വിശ്വസ്തനായിരുന്നു എന്ന് സാരം. ശുശ്രൂഷകളുടെ പുതിയ തലങ്ങളിലേക്ക് കർത്താവ് കൈപിടിച്ച് നടത്തി.

പരിശോധനകൾ ധാരാളം. നേരിട്ടു പരീക്ഷാകാലയളവിൽ വഹിക്കുവാൻ കഴിയുന്നതിലധികം വരാൻ കർത്താവ് സമ്മതിച്ചില്ല. "നിങ്ങൾക്കു കഴിയുന്നതിന്നു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും" (1 കൊരിന്ത്യർ 10:13). ഇതാണ് നമ്മുടെ കർത്താവിന്റെ വിശ്വസ്തത. നമുക്ക് സഹിക്കുവാൻ കഴിയുന്നതിലധികം അനുവദിക്കാത്തവൻ തന്നെയാണ് നമ്മുടെ നാഥൻ. ഇത് മിഷന്റെ സാക്ഷ്യമാണ്. ഫീൽഡുകളിൽ സുവിശേഷവിരോധികളുടെ തേരോട്ടം നടക്കുമ്പോൾ ഇന്നുവരെ നമ്മുടെ സെന്ററിനെയും വേലക്കാരെയും മറച്ചുപിടിച്ച് പരീക്ഷകളുടെ നടുവിൽ കർത്താവു സൂക്ഷിച്ചു. വിശ്വാസം തണുത്തുപോകാതെയും സ്നേഹം നഷ്ടപ്പെടാതെയും കർത്താവ് സംരക്ഷിക്കുകയായിരുന്നില്ലേ.

നമ്മൾ പാപത്താൽ വശീകരിക്കപ്പെട്ടിട്ട് പരാജയപ്പെടാതെ സൂക്ഷിക്കുന്നതിലും ദൈവം വിശ്വസ്തനായിരുന്നു. എത്രകാലം അവിശ്വസ്തനായി നമ്മൾ പാർത്താലും തന്റെ വിശ്വസ്തതക്കു ഭംഗം വരില്ല. മാറ്റവും വരില്ല. "നാം അവിശ്വസ്തരായി തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു" (2 തിമൊഥെയൊസ് 2:13).

പ്രാർത്ഥനക്ക് മറുപടി തരുന്ന കാര്യത്തിലും ദൈവം വിശ്വസ്തനായിരുന്നു. "നിന്റെ വിശ്വസ്തതയാലും നീതിയാലും എനിക്കുത്തരമരുളേണമേ" (സങ്കീർത്തനം 143:1). പ്രാർത്ഥന കേൾക്കുന്ന വിശ്വസ്തനായ ഒരു ദൈവം.

നമ്മുടെ മിഷൻ പിന്നിട്ട 18 വർഷവും ദൈവത്തിന്റെ വിശ്വസ്തതക്കു മിഷൻപ്രവർത്തകരായ ഞങ്ങൾ ഓരോരുത്തരും തലകുനിക്കുന്നു. ഇ.ജി.എം. ഓഫ് ഇന്ത്യ എന്ന് പറയുന്നത് ദൈവത്തിന്റെ വിശ്വസ്തയുടെ ഒരു പ്രതീകമാണ്.

2026 ലെ സ്ഥാപകദിനത്തിൽ ദൈവത്തിന്റെ പ്രവർത്തികളെ സ്മരിക്കുമ്പോൾ നമ്മുടെ കർത്താവ് വിശ്വസ്തനായിരുന്നു എന്നത് മാത്രമാണ് പറയാനുള്ളത്.

ഈ ദൈവം ഇന്നലെയും ഇന്നും എന്നേക്കും എല്ലാറ്റിനും മതിയായവൻ - ദൈവം അനുഗ്രഹിക്കട്ടെ.



ജീവിത ചിന്തകൾ

# സംഘർഷങ്ങളിൽ നിന്നുള്ള പാഠങ്ങൾ



ഡോ. നെൽസൺ മാത്യു വാലയിൽ

സംഘർഷങ്ങൾ ജീവിതത്തിന്റെ ഭാഗമാണ്. അവ പലപ്പോഴും നിശബ്ദമായി ആരംഭിക്കുന്നു. തെറ്റിദ്ധരിക്കപ്പെട്ട ഒരു വാക്കിലൂടെ, നിറവേറ്റപ്പെടാത്ത ഒരു പ്രതീക്ഷയിലൂടെ, അഭിപ്രായത്തിൽ വരുന്ന വ്യത്യാസത്തിലൂടെ. അങ്ങനെ ഉള്ളം അസ്വസ്ഥമാകുന്നു. യാദൃശ്ചികമായി പറഞ്ഞ ഒരു വാചകം വീണ്ടും വീണ്ടും മനസ്സിൽ ആവർത്തിക്കപ്പെടുന്നു. നിശബ്ദത തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു. ഉദ്ദേശ്യങ്ങൾ ചോദ്യം ചെയ്യപ്പെടുന്നു. ചിന്തകൾ ആ ഒറ്റക്കാര്യത്തിൽ ചുറ്റിത്തിരിയുന്നു. ഓരോ ഓർമ്മയും നമ്മെ വൈകാരികമായി ചൂടുപിടിപ്പിക്കുന്നു. അങ്ങനെ ചെറുതായി ആരംഭിച്ചത് വളർന്നു പന്തലിക്കുന്നു.

ക്രിസ്തു ഉള്ളിടത്ത് എല്ലാം സുഗമവും സമാധാനപരവുമായിരിക്കണമെന്ന് നാം സങ്കൽപ്പിക്കുന്നു. എന്നാൽ തിരുവെഴുത്ത് കൂടുതൽ സത്യസന്ധമായ ഒരു ചിത്രമാണ് അവതരിപ്പിക്കുന്നത്. അതിനു ഏറ്റവും ശ്രദ്ധേയമായ ഉദാഹരണങ്ങളിലൊന്നാണ് പൗലൊസും ബർന്നബാസും. അവർ ഒരുമിച്ച് യാത്രചെയ്യുകയും ഒരുമിച്ച് ക്രിസ്തുവിനെ സേവിക്കുകയും അവരുടെ ശുശ്രൂഷയിലൂടെ ദൈവം ശക്തമായി പ്രവർത്തിക്കുകയും ചെയ്തു. എന്നാൽ ഒരു ഘട്ടത്തിൽ, അവർ വളരെ ശക്തമായി വിയോജിക്കുകയും വ്യത്യസ്ത വഴികൾ തിരഞ്ഞെടുക്കുകയും ചെയ്തു. അവർക്കിടയിൽ ശക്തമായ അഭിപ്രായവ്യത്യാസം ഉണ്ടായി, അവർ വേർപിരിഞ്ഞു." ഇത്തരം സന്ദർഭങ്ങളെ ബൈബിൾ മറച്ചുവെക്കാൻ ശ്രമിക്കുന്നില്ല; പരസ്യമായി രേഖപ്പെടുത്തുന്നു. സംഘർഷം എല്ലായ്പ്പോഴും ദൈവസാന്നിധ്യത്തിന്റെ അഭാവമല്ല. സംഘർഷങ്ങളെ ദൈവം പാഴാക്കുന്നതുമില്ല. സംഘർഷങ്ങളിൽനിന്നും രക്ഷപ്പെടുവാനാണ് നമ്മുടെ ശ്രമമെങ്കിലും, ദൈവം പലപ്പോഴും അവയെ ഉപയോഗിക്കുന്നതായി കാണാം. വിയോജിപ്പുകളിൽപോലും ദൈവം തന്റെ പ്രവൃത്തി തുടരുന്നതായി കാണാം. സംഘർഷം സ്വയമേവ ഒരു തെറ്റല്ല. എന്നാൽ അത് നമ്മൾ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നത് അത് വിനാശകരമോ പരിവർത്തനാത്മകമോ എന്ന് നിർണ്ണയിക്കുന്നു. സംഘർഷവേളകളിൽ ആഴത്തിലുള്ള ഒരു ചോദ്യമാണ് നാം ചോദിക്കേണ്ടത് – 'ദൈവം ഇതിലൂടെ എന്നെ എന്താണ് പഠിപ്പിക്കുവാൻ ശ്രമിക്കുന്നത്?

ശാന്തമായ ചുറ്റുവട്ടത്തിൽ നമ്മുടെ ക്ഷമ, ദയ, പക്വത എന്നിവയെക്കുറിച്ച് നമുക്ക് നല്ല ആത്മവിശ്വാസമാണുള്ളത്. എന്നാൽ ആരെങ്കിലും നമ്മെ വെല്ലുവിളിക്കുകയോ തെറ്റിദ്ധരിക്കുകയോ ചെയ്യുമ്പോൾ, പിന്നെ ആകെ ഇടറും. സ്വയം പ്രതിരോധിക്കാനുള്ള ത്വര ഉടനടി തിളക്കും. മറ്റേയാളുടെ വാക്കുകൾ ഉദ്ദേശിച്ചതിലും കഠിനമായി നാം വ്യാഖ്യാനിക്കും. ഒരു നിശബ്ദ വേദന ഉള്ളിൽ വ്യാപിക്കും. അങ്ങനെ സംഘർഷങ്ങൾ ഒരു കണ്ണാടി പോലെ നമ്മുടെ മനോഭാവങ്ങളെയും ഭയങ്ങളെയും അരക്ഷിതാവസ്ഥകളെയും ഉപരിതലത്തിലേക്ക് കൊണ്ടുവന്ന് വെളിപ്പെടുത്തിതരുന്നു.

മനഃശാസ്ത്രപരമായി വീക്ഷിച്ചാൽ നമ്മുടെ മനസ്സ് വർത്തമാനനിമിഷത്തോട് മാത്രം പ്രതികരിക്കുന്ന ഒന്നല്ല. അതിൽ ഓർമ്മകൾ, വികാരങ്ങൾ, കാലക്രമേണ രൂപപ്പെട്ട വ്യക്തിത്വസവിശേഷതകൾ എല്ലാം ഉൾപ്പെടുന്നു. ആയതിനാൽ ഒരു ചെറിയ വിയോജിപ്പിനെ ഒരു വലിയ അവഗണനയായി കണക്കാക്കാനും; സാഹചര്യം അർഹിക്കുന്നതിനേക്കാൾ ശക്തമായി പ്രതികരിക്കാനും സാധ്യതകളുണ്ട്. ഇത് മനസ്സിലാക്കി 'എന്തുകൊണ്ടാണ് എന്നിൽ നിന്നും ഇത്തരത്തിലുള്ള പ്രതികരണങ്ങൾ ഉണ്ടാകുന്നത്?' എന്ന ചോദ്യം സ്വയം ചോദിച്ചാൽ ആ വളർച്ചക്കും മാറ്റങ്ങൾക്കുമുള്ള വാതിൽ തുറക്കും. സാഹചര്യത്തിൽ മാത്രമല്ല, ഹൃദയത്തിലും പ്രവർത്തിക്കാൻ ഇതിലൂടെ നാം ദൈവത്തിനു ഇടം നൽകുന്നു.

നേതാക്കളെ സംബന്ധിച്ചിടത്തോളം, വിയോജിപ്പ് പ്രത്യേകിച്ച് ഭാരമുള്ളതായി തോന്നാം. ഉത്തരവാദിത്വം സമ്മർദ്ദം കൊണ്ടുവരും, വിമർശനം വ്യക്തിപരമായി തോന്നാം. പെട്ടെന്ന് പ്രതികരിക്കുക എന്നതായിരിക്കാം സഹജാവബോധം.

എങ്കിലും തിരുവെഴുത്ത് കൂടുതൽ സാവധാനത്തിലുള്ളതും ജ്ഞാനപൂർവ്വവുമായ പ്രതികരണമാണ് ക്ഷണിക്കുന്നത്: "പ്രിയ സഹോദരന്മാരേ, നിങ്ങൾ അത് അറിയുന്നുവല്ലോ. എന്നാൽ ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിന്നു താമസവുമുള്ളവൻ ആയിരിക്കട്ടെ" (യാക്കോബ് 1:19). ശക്തനായ നേതാവ് ഒരു നല്ല ശ്രോതാവാണ്. കേൾക്കുക എന്നതിനർത്ഥം എല്ലാറ്റിനോടും യോജിക്കുക എന്നല്ല; അതിനർത്ഥം അവരുടെ കാഴ്ചപ്പാട് മനസ്സിലാക്കാൻ തക്കവണ്ണം ആ വ്യക്തിയെ വിലമതിക്കുക എന്നാണ്. ഇത് ഹൃദയങ്ങളെ മൃദുവാക്കുകയും സംഘർഷം തടയുകയും ചെയ്യും. വ്യക്തിപരമായ തീരുമാനങ്ങളിൽ മുറുകെപ്പിടിക്കുന്നതിനു പകരം, ദൈവഭക്തനായ ഒരു നേതാവ് എല്ലാറ്റിനുമുപരി ദൈവഹിതം തേടുന്നു. തങ്ങളുടെ നിലപാടുകൾ സംരക്ഷിക്കുന്നതിനെക്കാളുപരി ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശം തിരിച്ചറിയുന്നു. യേശുവിന്റെ പ്രാർത്ഥന മാതൃകയായി മാറുന്നു: "എന്റെ ഇഷ്ടം അല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ" (ലൂക്കൊസ് 22:42).

അന്യായമോ നിരാശാജനകമോ ആയ എന്തെങ്കിലും നേതൃത്വം ചെയ്തു എന്നു തോന്നുമ്പോൾ അതിനെ നേരിട്ട് അഭിസംബോധനചെയ്യുന്നതിനു പകരം മറ്റുള്ളവരുമായി ചേർന്ന് അതിനെ കൈകാര്യംചെയ്യുവാൻ ശ്രമിക്കരുത്. ഇത് പലപ്പോഴും ആശയക്കുഴപ്പത്തിലേക്കും ഭിന്നതയിലേക്കും നയിക്കുന്നു. ശരിയായ വ്യക്തിയുമായി, ശരിയായ സമയത്ത്, ശരിയായ മനോഭാവത്തിൽ സത്യസന്ധവും ആദരവോടെയുള്ളതുമായ ആശയവിനിമയം തിരഞ്ഞെടുക്കുക. അതിന് ധൈര്യം ആവശ്യമാണ്, പക്ഷേ അത് ഐക്യം സംരക്ഷിക്കുന്നു. ബഹുമാനം നിലനിർത്തണം: "സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നവരെ അറിഞ്ഞ് അവരുടെ വേലനിമിത്തം ഏറ്റവും സ്നേഹത്തോടെ വിചാരിക്കേണം എന്ന് നിങ്ങളോട് അപേക്ഷിക്കുന്നു. തമ്മിൽ സമാധാനമായിരിപ്പിൻ" (1 തെസ്സലൊനീക്യർ 5:12-13). വിയോജിപ്പ് ബഹുമാനം ഇല്ലാതാക്കുന്നില്ല. എന്നാൽ അത് എങ്ങനെ പ്രകടിപ്പിക്കുന്നു എന്നതിലാണ് പക്വത.

സംഘർഷത്തിലെ ഏറ്റവും സൂക്ഷ്മമായ അപകടങ്ങളിലൊന്ന് കാലക്രമേണ അത് ആന്തരിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു എന്നതാണ്. വേദന പരിഹരിക്കപ്പെടാത്തപ്പോൾ, നെഗറ്റീവ് ചിന്തകൾ വേട്ടയാടുന്നു. അനുമാനങ്ങൾ കഠിനമാകുന്നു. പാപപ്രവൃത്തികൾ കടന്നുകയറുന്നു. ഈ പ്രക്രിയയെക്കുറിച്ച് ബൈബിൾ നമുക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്. "ആരും ദൈവകൃപ വിട്ടു പിന്മാറുകയും വല്ല കയ്പുള്ള വേരും മുളെച്ചു കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും ആരും ദുർന്നടപ്പുകാരനോ, ഒരു ഊണിന്നു ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ" (എബ്രായർ 12:15). കയ്പ്പ് നിശബ്ദമായി വളരുന്നു. നമ്മുടെ വാക്കുകളെയും, മനോഭാവങ്ങളെയും, നമ്മുടെ ആത്മീയ ജീവിതത്തെയും പോലും അത് സ്വാധീനിക്കുന്നു. അതുകൊണ്ടാണ് സദൃശവാക്യങ്ങൾ 4:23-ൽ പറയുന്നത് "സകലജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക."

ഇവിടെയാണ് ക്ഷമയുടെ പ്രസക്തി. ക്ഷമിക്കുമ്പോൾ സമാധാനത്തിനുള്ള ഇടം സൃഷ്ടിക്കപ്പെടുന്നു. അന്യായമായി സംഭവിച്ചതിനെ അവഗണിക്കുകയല്ല, മറിച്ച് നമ്മുടെ മേലുള്ള അതിന്റെ പിടിയിൽ നിന്നും പുറത്തുവരിക എന്നതാണ്. നമ്മളെ ബുദ്ധിമുട്ടിക്കുന്ന ഒരാൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങുമ്പോൾ, നമ്മുടെ ഉള്ളിൽ മാറ്റങ്ങൾ കടന്നു വരുന്നു. നമ്മുടെ ശ്രദ്ധ മാറുന്നു. കാഴ്ചപ്പാട് മൃദുവാകുന്നു. പോരടിക്കുന്ന ആ വ്യക്തിയെ ദൈവമുമ്പാകെ ആത്മാർത്ഥമായി കൊണ്ടുവരുമ്പോൾ നീരസത്തിനു നിലനിൽപ്പില്ലാതാകുന്നു.

ആത്യന്തികമായി, സംഘർഷം ശത്രുവല്ല. യഥാർത്ഥ അപകടം നാം അതിനോട് എങ്ങനെ പ്രതികരിക്കുന്നു എന്നതിലാണ്. അഹങ്കാരത്തോടെ കൈകാര്യം ചെയ്യുമ്പോൾ, അത് വിഭജിക്കുന്നു. വിനയത്തോടെ കൈകാര്യംചെയ്യുമ്പോൾ, അത് രൂപാന്തരപ്പെടുത്തുന്നു. വികാരത്താൽ മാത്രം നയിക്കപ്പെടുമ്പോൾ, അത് മുറിവേൽപ്പിക്കുന്നു. കൃപയാൽ നയിക്കപ്പെടുമ്പോൾ, അത് സുഖപ്പെടുത്തുന്നു.

നേതാക്കളും അനുയായികളും വിനയം, സത്യസന്ധത, ക്ഷമ, പ്രാർത്ഥന എന്നിവയോടെ പ്രതികരിക്കുമ്പോൾ സംഘർഷത്തിന്റെ സ്വഭാവം മാറുന്നു. വിഭജിക്കുന്നതിനു പകരം, അത് വളർച്ചക്കുള്ള ഒന്നായി മാറുന്നു. ശരിയായി കൈകാര്യം ചെയ്യുമ്പോൾ, സംഘർഷം വിശ്വാസത്തെ ശക്തിപ്പെടുത്തുന്നു, ബന്ധങ്ങളെ പക്വതപ്പെടുത്തുന്നു.

അപ്പൊസ്തലനായ പൗലൊസ് എഴുതുന്നു: "പൂർണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടുംകൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ. (എഫെസ്യർ 4:2-3).

*പ്രാർത്ഥിക്കാം. കർത്താവേ, ക്ഷമയോടെ കേൾക്കാനും, കൃപയോടെ സംസാരിക്കാനും, താഴ്മയോടെ പ്രതികരിക്കാനും എന്നെ പഠിപ്പിക്കേണമേ. എന്റെ ഹൃദയത്തെ കയ്പിൽനിന്ന് സംരക്ഷിക്കുകയും, എല്ലാ പ്രയാസകരമായ സാഹചര്യങ്ങളിലൂടെയും എന്നെ രൂപപ്പെടുത്തുകയും ചെയ്യേണമേ. എളുപ്പമല്ലെങ്കിൽപ്പോലും, എന്റെ ജീവിതം അങ്ങയുടെ സ്നേഹത്തെ പ്രതിഫലിപ്പിക്കട്ടെ. ആമേൻ.*

■■■





# ദാമ്പത്യബന്ധം ആസ്വാദ്യമാക്കാൻ ലൈംഗികവിശുദ്ധി (തുടർച്ച)

പ്രൊഫ. ജോൺ
സഖറിയ

ലൈംഗികമായ അശുദ്ധചിന്തകളും നോട്ടങ്ങളും ദൈവകൽപ്പനക്ക് വിരുദ്ധം എന്ന് മാത്രമല്ല ദാമ്പത്യ ജീവിതത്തെ പിന്നീട് ബാധിക്കും എന്ന് നാം കഴിഞ്ഞ ലക്കത്തിൽ കണ്ടു.

ഈ ലക്കത്തിൽ ചിന്തിക്കുന്നത്, ചെറുപ്പക്കാർക്ക് മാത്രമല്ല വിവാഹിതർക്കും, സ്ത്രീകളെക്കാൾ കൂടുതൽ പുരുഷന്മാർക്കും ഉള്ള ഒരു പാപസ്വഭാവത്തെ കുറിച്ചാണ്.

## സ്വയംഭോഗം

ഭാര്യ ഭർത്താക്കന്മാർ ഒരുമിച്ച് രസിക്കുകയും ആസ്വദിക്കുകയും ചെയ്യേണ്ട ഒന്നാണ് ലൈംഗിക ബന്ധം; ഉദാത്തമായ, ഊഷ്മളമായ, കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന സ്നേഹത്തിന്റെ പശ്ചാത്തലത്തിൽ. എന്നാൽ ദൈവത്തിന്റെ ഉത്തമമായ ഈ ദാനത്തെ മോഷ്ടിക്കുവാനും അറുക്കുവാനും മുടിക്കുവാനും പിശാച് ശ്രമിക്കുന്നു (1 തിമൊ. 4:4; യോഹ. 10:10)

ദൈവാത്മാവിന്റെ മന്ദിരമായ, ആലയമായ നമ്മുടെ ശരീരം നമ്മുടെ സ്വന്തം അല്ല; പുത്രന്റെ രക്തം കൊടുത്ത് ദൈവം നമ്മെ വിലക്ക് വാങ്ങിയതാണ്. ദൈവത്തെ മഹത്വപ്പെടുത്തേണ്ട ഈ ശരീരം പ്രകൃതിവിരുദ്ധമായി ഉപയോഗിക്കുന്നത് ദൈവത്തെ വേദനിപ്പിക്കുന്നതും അതിന്റെ പാടുകൾ ജീവിതത്തിൽനിന്ന് മായാത്തതും ആകുന്നു. സ്വയംഭോഗം ലൈംഗികാവയവങ്ങളെ, സാധാരണഗതിയിൽ കൈകൾകൊണ്ട്, ലൈംഗികവികാരം ഉത്തേജിപ്പിക്കുന്നതത്രേ. ഭാര്യാഭർത്താക്കന്മാർ അന്യോന്യം സന്തോഷിപ്പിക്കുന്നതിന് അല്ലാതെ സ്വയമായി ലൈംഗിക ആസ്വാദനം ദൈവവചന വിരുദ്ധമാണെന്ന് മിക്കവരും മനസ്സിലാക്കുന്നില്ല. ചെറുപ്പക്കാർ പുരുഷത്വത്തിന്റെ ലക്ഷണം ആണെന്നും പറഞ്ഞ് സ്വയംഭോഗം നടത്താറുണ്ട്. എല്ലാവരും ചെയ്യുന്നു; ഞാൻ മറ്റാരുടെയും കൂടെ കിടക്കുന്നില്ല. ഇത് ഒരു രസം തരുന്നു; മാനസിക പിരിമുറുക്കത്തിന് അയവ് തരുന്നു. ഈ സ്വയസ്നേഹം പാപമോ? ഇതിനെക്കുറിച്ച് വ്യക്തമായി വേദപുസ്തകത്തിൽ പഠിപ്പിക്കൽ ഇല്ലല്ലോ? എന്നൊക്കെ സ്വയം ന്യായങ്ങൾ കണ്ടെത്തി തന്റെ തെറ്റുകൾ ആവർത്തിക്കാറുണ്ട്.

ചില ഡോക്ടർമാരും സഭാനേതാക്കളും സ്വയംഭോഗത്തെ ന്യായീകരിക്കാൻ ശ്രമിക്കുന്നുണ്ട്. ദൈവവചനത്തിന് അത് വിരുദ്ധമാണെന്നും ഈ സ്വഭാവംമൂലം വിവാഹിതരല്ലാത്തവർക്കും വിവാഹജീവിതത്തിലും എന്തുമാത്രം തകർച്ചകൾ വരുവാൻ ഇടയാക്കും എന്നും അവർ അറിയുന്നില്ല. ലൈംഗികപരീക്ഷകളെ സ്വന്തം ശക്തിയിൽ തോൽപ്പിക്കാൻ സാധ്യമല്ല എന്നാൽ ദൈവസഹായത്താൽ എല്ലാം സാധിക്കും (മർക്കൊ.9:23; 10:27).

ദുർന്നടപ്പ് എന്നത് വ്യഭിചാരം മാത്രമല്ല; ഏത് ഉദ്ദേശത്തിൽ ലൈംഗിക വികാരങ്ങൾ അനുവദിച്ചിരിക്കുന്നുവോ അതിൽനിന്ന് വിരുദ്ധമായി ഉപയോഗിക്കുന്നത് ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം ഇവയിൽപ്പെടും. ലൈംഗിക വികാരങ്ങളും ആഗ്രഹങ്ങളും ഭാര്യയും ഭർത്താവും ഒന്നായി ചേരുന്ന വ്യവസ്ഥയുടെ പ്രകടനമാണ്. അത് അന്യോന്യം ഉള്ള സ്നേഹത്തിലും തൃപ്തിപ്പെടുത്തലിലും അടിസ്ഥാനമായിരിക്കുന്നു. അവനവന് മാത്രം സന്തോഷം തരുന്ന ഒന്നല്ല. അന്യോന്യം ലൈംഗികമായി കടപ്പെട്ടത് ചെയ്യുക. സാത്താന്റെ കെണിയിൽ വീഴാതിരിക്കാൻ സ്വന്തം ഭർത്താവ്/ഭാര്യ ഉണ്ടായിരിക്കണം. തന്റെ ശരീരത്തിന്മേൽ പങ്കാളിക്കാണ് അധികാരം. അജിതേന്ദ്രിയത്വം നിമിത്തം (ലൈംഗിക നിയന്ത്രണം ബുദ്ധിമുട്ടുള്ളവർ) വിവാഹിതരാകണം. വിവാഹമാണ് സ്വാഭാവികമായ അവസ്ഥ. പ്രത്യേക വിളിയും ദൈവനിശ്ചയവും ഉണ്ടെങ്കിൽ മാത്രം അവിവാഹിതർ ആകുക. അവിവാഹിതനായി സ്വയംഭോഗം ദൈവികപദ്ധതിയും അല്ല. ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും

നിങ്ങളുടെ ഇടയിൽ പേർ പറക പോലും അരുത് (എഫെ. 5:3). വെളി. 21:8 ൽ നരകയോഗ്യരിൽ അറെക്കപ്പെട്ടവർ, ദുർന്നടപ്പുകാർ ഉൾപ്പെടുന്നു. അറെക്കപ്പെട്ടവർ എന്ന് പറഞ്ഞാൽ വിശുദ്ധസ്ഥലത്ത് പ്രവേശിക്കുവാൻ യോഗ്യത ഇല്ലാത്തവർ.

സ്വയംഭോഗം ചെയ്യുന്നവർ ലൈംഗികചിന്തകളോ ലൈംഗികഭാവനകളോ ലൈംഗിക ചിത്രങ്ങൾ,, ലേഖനങ്ങൾ, വീഡിയോകൾ, മുതലായവയോ അല്ലെങ്കിൽ എതിർലിംഗത്തിൽപ്പെട്ട ഏതെങ്കിലും വ്യക്തികളോ (യഥാർത്ഥ വ്യക്തിയോ ഭാവനയിലുള്ള വ്യക്തിയോ അല്ലെങ്കിൽ താരങ്ങളോ) ഇവയുമായി മിക്കവാറും ബന്ധപ്പെട്ടിരിക്കുന്നു. കണ്ണിനെയും ഹൃദയവിചാര, വികാരങ്ങളെയും നിയന്ത്രിച്ചു ശുദ്ധമായി ജീവിക്കുവാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിക്ക് ഈവിധ അശുദ്ധമായവ ഉൾക്കൊള്ളാൻ ആവില്ല. "നിങ്ങൾ ദുർന്നടപ്പ് വിട്ടൊഴിഞ്ഞ് ഓരോരുത്തൻ ദൈവത്തെ അറിയാത്ത ജാതികളെപ്പോലെ കാമവികാരത്തിലല്ല വിശുദ്ധീകരണത്തിലും മാനത്തിലും താന്താന്റെ പാത്രത്തെ നേടിക്കൊള്ളട്ടെ (1 തെസ്സ. 4:3,4). പാത്രം എന്ന വാക്ക് ഗ്രീക്കിൽ ലൈംഗിക അവയവത്തെ കുറിക്കുന്നു (1 ശമു. 21:4,5 വാക്യങ്ങളിൽ കോപ്പുകൾ എന്ന് പറഞ്ഞിരിക്കുന്നതും ആ അർത്ഥത്തിലാണ്). ജാതീയ ആരാധനകളിലും ആരാധനാമൂർത്തികളിലും ലൈംഗിക ഉത്തേജനകഥകൾ ഉൾപ്പെട്ടിരിക്കുന്നത് നമുക്കറിയാം. ക്രിസ്തീയവിശ്വാസത്തിൽ അപ്രകാരം ഒരിക്കലും ഇല്ലതന്നെ. ക്രിസ്ത്യാനികളെന്ന് അഭിമാനിക്കുന്ന കപടമതക്കാർ (Cult Groups) ലൈംഗിക അഴിഞ്ഞാട്ടം ഉള്ളവരായിരിക്കാം. പോർണോഗ്രഫി പൈശാചികമാണ്; അത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ കെടുത്തുകളയുന്നു; വിവാഹേതര ലൈംഗികബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. തൽഫലമായി കോപം, വിഷാദരോഗം, ആകുലചിന്ത ഇവക്ക് അടിമകളാകുന്നു. ഒരു വിവാഹജീവിതത്തിന്റെ പാവനതയോ സ്നേഹമോ അവയിൽ കണികാണില്ല; അവ ലൈംഗികതൃഷ്ണയെ താൽക്കാലികമായി ശമിപ്പിക്കുന്നു; പക്ഷേ കുറ്റബോധം ഉണ്ടാക്കുന്നു. എന്നാൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ലൈംഗികബന്ധസമയത്ത് ഉത്പാദിപ്പിക്കപ്പെടുന്ന രാസവസ്തുക്കൾ (Oxytocin, Dopamine, Endorphin) വിവാഹിതരുടെ ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നു. അവർ ശാരീരികമായും വൈകാരികമായും ഒന്നായിത്തീരുന്നു. സ്വയംഭോഗസ്വഭാവം വിവാഹിതർക്ക് അന്യോന്യം സന്തോഷിക്കുന്നതിനോ സന്തോഷിപ്പിക്കപ്പെടുന്നതിന്നോ തടസ്സമായിത്തീരും. ഏകാന്തതയും സമ്മർദ്ദങ്ങളും പരിഹരിക്കുവാൻ സ്വയംഭോഗം അപകടകരമായ ഒരു കുറുക്ക്വഴിയാണ്. അടിമത്തത്തിലേക്കാണ് അത് നമ്മെ നയിക്കുന്നത് ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിലേക്ക് അല്ല. ആത്മാവിനാൽ നടത്തപ്പെടുന്നവർക്ക് ഈ മാർഗ്ഗം നിഷിദ്ധമത്രേ.

വിവാഹത്തിലൂടെ ദൈവഭക്തിയുള്ള തലമുറയെ വാർത്തെടുക്കുന്നതിന് സ്വയംഭോഗം പ്രതിബന്ധമാകും. ലൈംഗികതകൊണ്ട് ദൈവം ഉദ്ദേശിച്ച പദ്ധതിക്ക് അത് തുരങ്കംവെക്കും. ഭാര്യാഭർത്താക്കന്മാർക്ക് ഒരുമിച്ച് ലഭിക്കേണ്ട സംതൃപ്തി അത് നശിപ്പിക്കും. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന വൈവാഹിക ലൈംഗികബന്ധവും സ്വയംഭോഗവും തമ്മിൽ ഒരിക്കലും ചേർന്നുപോകില്ല. വിവാഹബന്ധത്തിലുള്ള മഹത്തായ അനുഭവം ദുഷ്ചിന്തകൾ നഷ്ടപ്പെടുത്തും. യേശുകർത്താവും പൌലൊസും വിശുദ്ധിക്കും മാനത്തിനും ചേരാത്ത ദുഷ്ചിന്തകൾക്കെതിരായി ശക്തമായ ഭാഷയിൽ ശാസിക്കുന്നു. ലൈംഗികാസക്തിക്കുള്ള ഏകമാർഗ്ഗം വിവാഹമാണെന്ന് പൌലൊസ് അനുശാസിക്കുന്നു. ജഢീകനിയന്ത്രണം ഇല്ലാത്തവൻ അവിവാഹിതൻ ആയിരിക്കരുത്. ഇന്ദ്രിയജയം ആത്മാവിന്റെ ഫലവും ക്രിയാത്മകമായ, സമൃദ്ധമായ, തളിരിട്ട, ജീവിതത്തിന്റെ അടിസ്ഥാനവും അത്രേ. സ്വയംഭോഗം ആത്മനിയന്ത്രണത്തിന് വിരുദ്ധമത്രേ. ചിന്തകളും പ്രവർത്തികളും നിയന്ത്രിതമായിരിക്കുന്നത് ഒരു വലിയ ധനമത്രേ. അതുകൊണ്ട് കർത്താവു പറഞ്ഞു: നിന്റെ കണ്ണ് നിനക്ക് പാപകാരണം ആകുന്നു എങ്കിൽ അതിനെ ചൂന്നെടുത്ത് എറിഞ്ഞുകളക. അതുപോലെ. സ്വയംഭോഗം ചെയ്യുന്ന നിന്റെ വലങ്കൈ വെട്ടിക്കളക എന്ന് (മത്താ. 5:28-30).

വിശുദ്ധ ജീവിതത്തിനും വിവാഹജീവിതത്തിന്റെ അനുഗ്രഹിക്കപ്പെട്ട ലൈംഗികസംതൃപ്തിക്കും വേണ്ടി നിന്റെ ജീവിതപങ്കാളിയുമായി സന്തോഷിക്കുന്നതിനുള്ള ലൈംഗികാസക്തി സ്വയംഭോഗത്തിലൂടെ നശിപ്പിക്കാതിരിക്കുക. നിനക്ക് പ്രായവും പക്വതയുമായി ദൈവികപ്രകാരമുള്ള സമയത്ത് വിവാഹത്തിനായി ഒരുക്കത്തോടെ ജീവിക്കുക. നിന്റെ ജീവിതപങ്കാളിക്ക് കൊടുക്കാവുന്ന ഏറ്റവും വിലയേറിയ സമ്മാനം നിന്റെ വിശുദ്ധമായ ലൈംഗികതാത്പര്യങ്ങളും അവയവവും അത്രേ. വിവാഹത്തിനു ശേഷവും ജീവിതപങ്കാളിയോടൊപ്പം ഉള്ള സന്തോഷത്തിനായി മാത്രം അത് വിശുദ്ധിയിൽ സൂക്ഷിക്കുക. നിന്റെ കണ്ണുകളെയും കരങ്ങളെയും പഞ്ചേന്ദ്രിയങ്ങളെയും വിചാര വികാര ഇച്ഛാശക്തിയെയും കർത്താവിന്റെ ഹിതത്തിനായി ഇന്ന് സമർപ്പിക്കുക; മരിപ്പിക്കുക (ഗലാ. 5:24). കഴിഞ്ഞ കാലങ്ങളിൽ വീഴ്ചകൾ വന്നിട്ടുണ്ടെങ്കിൽ ഏറ്റുപറഞ്ഞ് യേശുവിന്റെ രക്തത്താൽ പൂർണ്ണ ശുദ്ധീകരണം പ്രാപിക്കുക. അതെ ക്രിസ്തുവിൻ മണവാട്ടിയായി ജീവിതവിശുദ്ധി കാക്കുക.

ഈ ലേഖനങ്ങളിൽ പറയുന്ന സത്യങ്ങളെപ്പറ്റി നേരിട്ട് സംസാരിക്കാൻ താത്പര്യം ഉള്ളവർക്ക്, ജീവിത പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവർക്ക്, ലേഖകനുമായി ബന്ധപ്പെടാം. Mob: 9495947785)

(തുടരും)

■■■



ജീവിത സായാഹ്നം



ബാബു അഞ്ചേരി

# "മറക്കാനാവുന്നില്ല ഗോവണി കണ്ട രാത്രിയും മൽപ്പിടുത്തത്തിൽ മുടന്തിപ്പോയ രാത്രിയും"

"അപ്പാ, ഒരു രാത്രി എന്റെ കൂടെ ഈ കൊട്ടാരത്തിൽ താമസിക്കണം. ഒത്തിരി കാര്യങ്ങൾ എനിക്ക് അപ്പനിൽനിന്ന് കേൾക്കണം സമ്മതമല്ലേ?" യോസേഫ് യാക്കോബിനോടു ചോദിച്ചു.

നെടുവീർപ്പിട്ടുകൊണ്ട് അപ്പൻ പറഞ്ഞു. "കൊള്ളാം, മരിച്ചുപോയ നിന്നെ യഹോവ എനിക്കു മടക്കിത്തന്നതല്ലേ? അവന്റെ നാമം വാഴ്ത്തപ്പെടട്ടെ? ഒരു രാത്രി മുഴുവൻ പറഞ്ഞാലും തീരില്ല എന്റെ നൊമ്പരത്തിന്റെ അനുഭവങ്ങൾ! എത്ര കാതം താണ്ടി, എത്രദൂരം പ്രയാണംചെയ്തു. എത്ര സ്ഥലങ്ങളിൽ അലഞ്ഞു. ഒടുവിൽ ഒരിക്കലും വരില്ലെന്നു കരുതിയ ഈ ഈജിപ്തിലും നൂറ്റിമുപ്പതാമത്തെ വയസ്സിൽ നീ മുഖാന്തരം എത്തി. യഹോവയുടെ ചിറക് എന്റെ മീതേ അവൻ എന്നും തിരിച്ചുപിടിച്ചിരുന്നു.!"

അതു പറയുമ്പോൾ യാക്കോബിന്റെ കൈകൾ സ്വർഗ്ഗത്തിലേക്ക് ഉയർന്നു. കണ്ണുകൾ സജലങ്ങളായി, മിഴികളും മുകളിലേക്ക് ഉയർന്നു. യോസേഫ് അപ്പനെ കെട്ടിപ്പിടിച്ച്, ചുംബിച്ച് തല മാർവോടു ചേർത്തുപിടിച്ചു. അനർഘനിമിഷങ്ങൾ. കൃതജ്ഞതുടെ നിശബ്ദസംഗീതം ഇരുവരുടെയും അന്തരാത്മാവിലൂടെ ഒഴുകുകയാണ്!

അല്പം കഴിഞ്ഞപ്പോൾ യോസേഫ് പറഞ്ഞു. "അപ്പാ, ദുരന്തങ്ങളുടെ അനുഭവങ്ങൾ ഒന്നും പറയേണ്ട. അപ്പന്റെ ഓർമ്മയിൽ ഒളിമങ്ങാതെ നിൽക്കുന്ന ചില രാത്രികൾ ഉണ്ടല്ലോ. ആ രാത്രികളെക്കുറിച്ചു മാത്രം പറയാമോ?"

യാക്കോബിന്റെ മനസ്സ് കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ കാലത്തിന്റെ പിന്നിലേക്കു കുതിക്കുകയാണ്.

"മകനേ, നീ ജനിക്കുന്നതിനുമുമ്പുള്ള കഥയാണ്. ഞാനും ഏശാവും ഇരട്ടകളാണെന്നു നിനക്കറിയാമായിരിക്കും. ഏശാവു ജനിച്ചതിന്റെ തൊട്ടുപിന്നാലെ ഞാൻ വന്നു ജനിക്കുമ്പോൾ ഞാൻ അവന്റെ കുതികാലിൽ പിടിച്ചിരുന്നുവെന്നാണ് അമ്മ പറഞ്ഞു കേട്ടിരിക്കുന്നത്. എന്റെ പേരുപോലും അങ്ങനെയാണ് എനിക്കു ലഭിച്ചത്. അപ്പന് ജ്യേഷ്ഠനോട് ആയിരുന്നു കൂടുതൽ ഇഷ്ടം. അമ്മക്ക് എന്നോടും അവന്റെ ദേഹത്തും ധാരാളം രോമം. ഉണ്ടായിരുന്നു. അവൻ ചെറുപ്പംമുതലേ കൂടാരത്തിനപ്പുറത്തുള്ള ജീവിതവും കാട്ടിൽ മൃഗങ്ങളെ വേട്ടയാടുന്നതും ഒക്കെ ഇഷ്ടപ്പെട്ടു. ഞാൻ ആണെങ്കിൽ കൂടാരവാസി. സാധുശീലൻ ഉറക്കെ സംസാരിക്കുകപോലും ഇല്ല. അമ്മ പറയുന്ന കഥകൾ ഒക്കെ കേട്ട്, യഹോവയിൽ പൂർണ്ണമായി വിശ്വസിച്ച്, മാതാപിതാക്കളെ അനുസരിച്ച് ബാല്യം കഴിച്ചു. അമ്മയുടെകൂടെയുള്ള സന്തതവാസം കൊണ്ട് പാചകം നന്നായി പഠിച്ചു. അങ്ങനെ ഒരു ദിവസം ഞാൻ രുചികരമായ ഒരു പയറുപായസം ഉണ്ടാക്കി."

"അപ്പാ, ഞാൻ ചോദിച്ചത് മറക്കാനാവാത്ത രാത്രികളെക്കുറിച്ചാണ്." യോസേഫ് ഇടക്കുകയറി പറഞ്ഞു.

അതേ മകനേ, അങ്ങോട്ടാണു വരുന്നത്. ജ്യേഷ്ഠൻ വേട്ടകഴിഞ്ഞ് വിശന്നു വരുമ്പോൾ ഈ പായസത്തിന്റെ രുചികരമായ വാസന അവനെ ഹരംകൊള്ളിച്ചു. പായസം ചോദിച്ചപ്പോൾ ഞാൻ അവനോട് അവന്റെ ജ്യേഷ്ഠാവകാശം പകരം തരുമോ എന്നു ചോദിച്ചു. അവൻ തരികയും ചെയ്തു. അത് ഒരു വലിയ കാര്യമായി അവന്

തോന്നിയില്ല. അങ്ങനെ ജ്യേഷ്ഠാവകാശം എനിക്കു കിട്ടി. പക്ഷെ, അതു വേണ്ടായിരുന്നു എന്നു ഇപ്പോൾ തോന്നുകയാണ്! ദൈവം നൽകാത്തത് നാം എന്തിനാണ് ആഗ്രഹിക്കുന്നത്? ദൈവം നമ്മെ അനുഗ്രഹിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ, കുടുംബത്തിലെ സ്ഥാനമൊന്നും അവന് പ്രശ്നമല്ലല്ലോ. ഏതായാലും വർഷങ്ങൾ അങ്ങനെ കഴിഞ്ഞു. എനിക്ക് നാല്പതു വയസ്സായി. ഞാൻ അവിവാഹിതനായിരിക്കെ, ജ്യേഷ്ഠൻ നമ്മുടെ ശത്രുക്കളായ ഹിത്യരിൽനിന്ന് രണ്ടു ഭാര്യമാരെ എടുത്തു. അത് എന്റെ അപ്പനും അമ്മക്കും വലിയ സങ്കടമായിപ്പോയി."

"അങ്ങനെയിരിക്കെയാണ് അപ്പന്റെ കണ്ണുകൾ മങ്ങിപ്പോയത്. തികച്ചും അന്ധനായി. അപ്പൻ ജ്യേഷ്ഠനെ വിളിച്ച്, വേട്ടയിറച്ചി തിന്ന് അവനെ അനുഗ്രഹിക്കാൻ ആഗ്രഹിക്കുന്നുവെന്നു പറഞ്ഞു. അമ്മ ഇതു കേട്ടു. അവൻ കാട്ടിൽപോയ തക്കത്തിന്, എനിക്ക് അപ്പന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുവേണ്ടി അമ്മ ഒരു കൗശലം കാണിച്ചു. ആട്ടിൻകുട്ടിയെ പാചകംചെയ്ത് എന്റെ കയ്യിൽ അപ്പനു തന്നയച്ചു. അപ്പൻ തപ്പിനോക്കുമ്പോൾ മനസ്സിലാകാതിരിക്കാൻ രോമക്കുപ്പായം എന്നെ ധരിപ്പിച്ചു. അങ്ങനെ ഞാൻ അപ്പന്റെ അടുക്കൽ ചെന്നു. അപ്പൻ പേരു ചോദിച്ചപ്പോൾ 'ഏശാവ്' എന്നു ഞാൻ കള്ളം പറഞ്ഞു. അപ്പനു സംശയം തോന്നി. "ശബ്ദം യാക്കോബിന്റേത്, കൈകൾ ഏശാവിന്റേത്" "എന്നൊക്കെ അപ്പൻ പറഞ്ഞെങ്കിലും ചുരുക്കിപ്പറയട്ടെ. സകല അനുഗ്രഹങ്ങളും എനിക്കു ലഭിച്ചു. സത്യത്തിൽ അമ്മയാണ് എന്നെ ഇതിനു പ്രേരിപ്പിച്ചത്. എങ്കിലും എന്നെയാണ് എല്ലാവരും കുറ്റപ്പെടുത്തുന്നത് കുറേ സമയം കഴിഞ്ഞപ്പോൾ ജ്യേഷ്ഠൻ വന്നു. രുചികരമായ വേട്ടയിറച്ചി കൊണ്ടുവന്നു. പക്ഷെ അപ്പന്റെ അനുഗ്രഹങ്ങൾ ഒന്നും അവശേഷിച്ചിരുന്നില്ല. അവനു വൈരാഗ്യം തോന്നാതിരിക്കുമോ? എന്നെ കൊന്നുകളയുമെന്ന് അവൻ പറഞ്ഞു. അമ്മ അപ്പനെ അറിയിച്ചു. അമ്മയുടെ സഹോദരൻ ലാബാൻ ഹാരാനിൽ ഉണ്ട്. പോയാൽ ജീവൻ കിട്ടും. എത്രയും വേഗം രക്ഷപെടണം. പക്ഷെ 550 മൈൽ ദൂരമുണ്ട്. ആലോചിച്ചുനിൽക്കാൻ സമയമില്ല. അപ്പൻ സമ്മതം നൽകി. അമ്മ വഴിയാത്രക്കുള്ള ഭക്ഷണം തയ്യാറാക്കി. ഭാണ്ഡക്കെട്ടും എടുത്ത് ഓടുകയാണ്. കുറേദൂരം മരുഭൂമി. ഇടെക്കിടെ ഈന്തപ്പനകളും ചെറിയ ജലാശയവും കുറെ മനുഷ്യരും കൊച്ചു ഗ്രാമങ്ങളും അവിടെയൊക്കെ വിശ്രമിച്ചും തണലിൽ ഇരുന്നും സന്ധ്യകഴിഞ്ഞപ്പോൾ ഒരു വിജനസ്ഥലത്തെത്തി."

യാക്കോബ് ഒരുനിമിഷം നിർത്തി. സ്മരണകൾ ഇരമ്പുന്നു. മനസ്സിന്റെ ഭാണ്ഡത്തിൽനിന്ന് ആ അവിസ്മരണീയ രാത്രി പുറത്തെടുക്കുകയാണ്. "ഭവനത്തെക്കുറിച്ചോർത്തു. പതുപതുപ്പുള്ള കിടക്കയെ ഓർത്തു. ഇവിടെ ആകാശത്തിന്റെ കീഴിൽ ഒരു കല്ലു തലയണയാക്കി കിടന്നു. നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നുണ്ട്. മനസ്സിൽ നിറയെ ആകുലചിന്തകൾ. ദൈവത്തോടുള്ള പ്രാർത്ഥനകൾ. എപ്പോഴാണ് ഉറങ്ങിയതെന്നറിയില്ല. ഉറക്കത്തിൽ ഞാൻ വളരെ വിചിത്രമായ ഒരു സ്വപ്നം കണ്ടു. ഹോ! സ്വർഗ്ഗത്തോളം എത്തുന്ന ഒരു ഗോവണി! അതിലൂടെ ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നു! ഗോവണിയുടെ അങ്ങേത്തലക്കൽ യഹോവയായ ദൈവം! അപ്പോഴതാ ഇടിമുഴക്കം പോലെ ദൈവത്തിന്റെ വാക്കുകൾ! യഹോവ അബ്രാഹാമിന്റെയും എന്റെ പിതാവായ യിസ്ഹാക്കിന്റെയും ദൈവമാണെന്ന്! അവൻ എന്റെകൂടെ ഉണ്ടെന്ന്! എന്നെ പിതാവിന്റെ അടുക്കലേക്കു മടക്കിക്കൊണ്ടുവരുമെന്ന്! അപ്പോഴേക്കും ഞാൻ ഉണർന്നുപോയി. ആ സ്ഥലം സ്വർഗ്ഗത്തിന്റെ വാതിൽ ആണെന്ന് എനിക്കു മനസ്സിലായി. ദൈവത്തിന്റെ സാന്നിദ്ധ്യം ഞാൻ അനുഭവിച്ചറിഞ്ഞു. ആ സ്ഥലത്തിനു 'ബേഥേൽ' എന്നു പേരിട്ടു തലയണയായി വച്ച കല്ല് നാട്ടി എണ്ണയൊഴിച്ച് ഞാൻ ദൈവത്തിനു നേർച്ച നേർന്നു. ജീവിതം ദൈവത്തിനു സമർപ്പിച്ചു."

യോസേഫ് പറഞ്ഞു. "ഹോ ! എത്ര അതിശയം! അപ്പനെ ആരു കൈവിട്ടാലും ദൈവം കൈവിട്ടില്ലെന്ന് തെളിയിച്ച രാത്രി അല്ലേ? ആ ദർശനം അപ്പനും വലിയ പ്രചോദനമായി അല്ലേ?"

"അതേ മോനേ, എന്നെ ശക്തിപ്പെടുത്താൻ ദൈവം നൽകിയ ദർശനം ഇനി രണ്ടാമതെ രാത്രിയെക്കുറിച്ചു പറയട്ടെ?"

"കേൾക്കാൻ കൊതിയായി പറയൂ അപ്പാ," യോസേഫ് ഉദ്വോഗത്തോടെ പറഞ്ഞു.

"ഒരു മാസത്തെ യാത്രകഴിഞ്ഞ് ലാബാന്റെ ഭവനത്തിൽ എത്തി. അവിടത്തെ അംഗമായി. വർഷങ്ങൾ പലതു കഴിഞ്ഞു. എനിക്ക് 60 വയസ്സായി. ഇതിനിടയിൽ ഞാൻ വിവാഹിതനായി. പതിനൊന്ന് ആൺമക്കളും ഒരു പെൺകുട്ടിയും ജനിച്ചു. ലേയയും റാഹേലും എന്റെ ഭാര്യമാർ ആയിരുന്നു. എനിക്ക് തിരികെ പോകുവാനുള്ള സമയമായി. മടക്കയാത്ര തുടങ്ങി. ആടുമാടുകളും ഒട്ടകങ്ങളും എല്ലാം ഉള്ള മഹാധനികൻ. പക്ഷെ എന്റെ ഹൃദയം ഒരു കാര്യമോർത്ത് വല്ലാതെ വിങ്ങുകയായിരുന്നു. ഏശാവിനെ കബളിപ്പിച്ച് അവന്റെ അനുഗ്രഹങ്ങൾ തട്ടിയെടുത്തതിന്റെ വൈരാഗ്യം അവനിൽ കാണുകയില്ലേ? അതുകൊണ്ട് ഏശാവിനുള്ള സമ്മാനങ്ങളുമായി ഞാൻ ദാസന്മാരെ മുമ്പെ അയച്ചു. പിന്നെ ഭാര്യമാരെയും മക്കളെയും അക്കരെ കടത്തിയിട്ട് യബ്ബോക് കടവിൽ ഇരുന്നു പ്രാർത്ഥിക്കുകയാണ്. ഹോ ! ആ രാത്രി എങ്ങനെ മറക്കും? അലകടൽപോലെ ഹൃദയം ഇളകിമറിയുമ്പോൾ, അതാ, ഒരു ദൈവപുരുഷൻ എന്റെ മുമ്പിൽ നിൽക്കുന്നു! ഭൗതിക സമ്പത്തൊക്കെ

(ശേഷം പേജ് 26 – ൽ)







സോജ ടോണി

# ദൈവത്തിന്റെ മുഖം അന്വേഷിക്കുക

ദാനീയേൽ ഒരു പ്രാർത്ഥനാമനുഷ്യനായിരുന്നു. പ്രാർത്ഥനയിലൂടെ അദ്ദേഹം ദൈവസന്നിധിയിലേക്ക് കടന്നുചെല്ലുകയും ദൈവജനത്തിനായി വൻകാര്യങ്ങളെ പ്രവർത്തിക്കുവാൻ ദൈവത്തെ പ്രേരിപ്പിക്കുകയും ചെയ്തു. ദാനീയേലിന്റെ പുസ്തകം 9–ാം അദ്ധ്യായത്തിൽ പ്രാർത്ഥനയുടെ മാഹാത്മ്യത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ യഥാർത്ഥമായി ദൈവസന്നിധിയിൽ നാം പ്രാർത്ഥിക്കുകയും ദൈവമുഖം അന്വേഷിക്കുകയും ചെയ്യാറുണ്ടോ.

ദാര്യാവേശിന്റെ ഒന്നാം ആണ്ടിൽ അവന്റെ വാഴ്ചയുടെ ഒന്നാം ആണ്ടിൽ തന്നേ ദാനീയേൽ എന്ന ഞാൻ യെരൂശലേമിന്റെ ശൂന്യാവസ്ഥ എഴുപതു സംവത്സരംകൊണ്ടു തീരും എന്നിങ്ങനെ യഹോവയുടെ അരുളപ്പാടു യിരെമ്യാപ്രവാചകന്നു ണ്ടായ പ്രകാരം ഒരു കാലസംഖ്യ പുസ്തങ്ങളിൽ നിന്നു ഗ്രഹിച്ചു. "അപ്പോൾ ഞാൻ ഉപവസിച്ചും രട്ടുടുത്തും വെണ്ണീറിൽ ഇരുന്നുംകൊണ്ടു പ്രാർത്ഥനയോടും യാചനകളോടുംകൂടെ അപേക്ഷിക്കേണ്ടതിന്നു ദൈവമായ കർത്താവിങ്കലേക്കു മുഖം തിരിച്ചു" (ദാനീ. 9:2, 3).

നാം പലപ്പോഴും ചിന്തിക്കാറില്ലേ? എന്തുകൊണ്ടാണ് ദൈവം എന്റെ പ്രാർത്ഥനക്ക് മറുപടി തരാത്തത്? എന്തുകൊണ്ടാണ് തന്റെ വാഗ്ദത്തം നിറവേറ്റാത്തത്. പ്രിയരേ, മറുപടി ലഭിക്കാത്ത നമ്മുടെ പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കണമെങ്കിൽ നാം എന്തുചെയ്യണം?

യിരെമ്യാവിന്റെ പുസ്തകം വായിച്ചപ്പോൾ യെരുശലേമിന്റെ ശൂന്യാവസ്ഥ 70 സംവത്സരം കൊണ്ടു തീരുമെന്നും ആ കാലസംഖ്യ ഇപ്പോൾ ആണെന്നും ദാനീയേൽ ഗ്രഹിച്ചു. സ്വാതന്ത്ര്യം പ്രാപിക്കുവാനുള്ള സമയം ആയിക്കഴിഞ്ഞു എന്ന് മനസ്സിലായി. എന്നാൽ ഇപ്പോഴും അവരെല്ലാം പ്രവാസത്തിൽ തന്നെയാണ്. രാജാവ് അവർക്ക് സ്വാതന്ത്ര്യം കൊടുക്കുവാനുള്ള കല്പനയും നൽകിയില്ല. എന്നാൽ അവർ വിടുവിക്കപ്പെടും എന്ന ദൈവവാഗ്ദത്തം നിശ്ചയമായി നിറവേറ്റപ്പെടും എന്ന് ദാനീയേലിന് മനസ്സിലായി. രാജാവിന് എതിരെ മത്സരിക്കാതെ ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ചു. ദൈവം വാഗ്ദത്തം നിറവേറ്റുന്നതിനായി കാത്തിരിക്കുകയല്ല ദാനീയേൽ ചെയ്തത് ദൈവമായ കർത്താവിങ്കലേക്ക് തന്റെ മുഖം തിരിച്ചു.

"നീ തിരിച്ചറിയേണ്ടതിന്നും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നെ താഴ്ത്തേണ്ടതിന്നും മനസ്സുവെച്ച ആദ്യദിവസംമുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു. നിന്റെ വാക്കു ഹേതുവായിത്തന്നേ ഞാൻ വന്നിരിക്കുന്നു" (ദാനീ. 10:12). നമ്മുടെ പ്രാർത്ഥ

നകൾക്ക് മറുപടി ലഭിക്കുവാൻ ഒരു ദൈവവാഗ്ദത്തത്തെ തിരിച്ചറിവുണ്ടായിരിക്കണം. നമ്മെത്തന്നെ ദൈവത്തിന്റെ മുമ്പാകെ താഴ്ത്തണം.

**1. തിരിച്ചറിയണം**

ദൈവവചനം ഗ്രഹിക്കുവാൻ ദാനീയേൽ മനസ്സുവെച്ചു. ദൈവവചനം ധ്യാനിക്കുവാൻ ഒരു വാഞ്ഛ നമുക്കുണ്ടായിരിക്കണം. ധ്യാനിക്കുവാൻ നമുക്ക് ദാഹമില്ലെങ്കിൽ നമ്മുടെ പല പ്രാർത്ഥനകൾക്കും മറുപടി ലഭിക്കയില്ല. "യഹോവയിൽ തന്നേ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും" (സങ്കീ 37:4). ഒരു വ്യക്തി യഹോവയിൽ രസിക്കുമ്പോൾ അവന്റെ വചനത്തിലും രസിക്കും. അപ്പോൾ അവന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ ദൈവം നിറവേറ്റും.

പഴയനിയമകാലത്ത് ഒരു പുരോഹിതൻ വിശുദ്ധസ്ഥലത്ത് പ്രവേശിക്കുമ്പോൾ അവൻ ധൂപം കാട്ടുന്നതിനു മുമ്പേ നിലവിളക്കു കത്തിക്കണമായിരുന്നു. "നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു" (സങ്കീ. 119:105). പ്രാർത്ഥിക്കുന്നതിനു മുമ്പേ ദൈവവചനത്താൽ നാം പ്രകാശിക്കപ്പെടണം. എങ്കിൽ മാത്രമെ നമ്മുടെ പ്രാർത്ഥനകൾ സുഗന്ധധൂപംപോലെ ദൈവസന്നിധിയിൽ എത്തുകയുള്ളൂ. നാം ദൈവവചനം വായിക്കുമ്പോൾ നമ്മുടെ മനസ്സ് വേറെ എവിടെയെങ്കിലും അലഞ്ഞുതിരിയുകയാണെങ്കിൽ അത് ഗ്രഹിക്കുവാൻ നമുക്ക് സാധിക്കില്ല. നാം ദൈവത്തിന്റെ വാക്കുകളെ കേൾക്കണം നിന്ദിക്കരുത്. "ന്യായപ്രമാണം കേൾക്കാതെ ചെവി തിരിച്ചുകളഞ്ഞാൽ അവന്റെ പ്രാർത്ഥനതന്നെയും വെറുപ്പാകുന്നു" (സദൃശ. 28:9).

തിരുവെഴുത്തുകൾ വായിക്കുമ്പോൾ നമ്മുടെ ഹൃദയം നാം ഏകാഗ്രമാക്കണം. ഒന്നോ രണ്ടോ വാക്യങ്ങൾ മാത്രമാണ് വായിക്കുന്നതെങ്കിലും അത് ഗ്രഹിക്കുവാൻ നമ്മുടെ ഹൃദയത്തെ നാം ഏകാഗ്രമാക്കണം. അങ്ങനെ നാം ചെയ്യുമ്പോൾ നമ്മുടെ പ്രാർത്ഥനക്കും വലിയ ശക്തിയുണ്ടാകും. എന്ത് പ്രാർത്ഥിക്കണമെന്നും എങ്ങനെ പ്രാർത്ഥിക്കണമെന്നും വചനം നമുക്ക് മാർഗ്ഗനിർദ്ദേശം നൽകും.

ദൈവത്തിന്റെ മുമ്പാകെ നമ്മെത്തന്നെ താഴ്ത്തണമെങ്കിൽ ഉപവാസം ഒരു പ്രധാനപ്പെട്ട ഘടകമാണ്. "ഞാൻ കരഞ്ഞു ഉപവാസത്താൽ ആത്മതപനം ചെയ്തു" (സങ്കീ 69:10). ദാനിയേലിന്റെ ജീവിതവും പ്രാർത്ഥനയാലും ഉപവാസത്താലും നിറഞ്ഞതായിരുന്നു. ബാല്യംമുതൽ തന്നെ തന്നെ അശുദ്ധനാക്കാതെ ശരീരത്തെ അടിമപ്പെടുത്തിയിരുന്നതു നാം വായിക്കുന്നു. "ഞാൻ തന്നേ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്നു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നതു" (1 കൊരി. 9:27). പൌലൊസ് അപ്പൊസ്തലനും തന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കിയിരുന്നു.

ദാനീയേൽ ദൈവമുഖം അന്വേഷിക്കുവാൻ തന്റെ മുഖം തിരിച്ചപ്പോൾ തന്റെ ചുറ്റുപാടുകൾ എല്ലാം മറന്നു. ദൈവജനത്തെ വിടുവിക്കുവാൻ യാതൊരു സാദ്ധ്യതയും ഉണ്ടായിരുന്നില്ല. എന്നാൽ ദാനീയേൽ ദൈവത്തിങ്കലേക്ക് മുഖം തിരിച്ചു. കർത്താവിന്റെ വാഗ്ദത്തം നിറവേറ്റപ്പെടുവാൻ ഉപവാസത്താലും പ്രാർത്ഥനയാലും രട്ടിലും വെണ്ണീറിലും ഇരുന്നു തന്നെത്താൻ താഴ്ത്തി ദൈവത്തോട് പ്രാർത്ഥിച്ചു. നമ്മുടെ ആത്മീയജീവിതവും പ്രാർത്ഥനയാലും ഉപവാസത്താലും നാം നയിക്കുമ്പോൾ നമ്മുടെ അഭയയാചനകൾക്ക് ദൈവം മറുപടി നൽകും. "ഞാനോ അവർ ദീനമായിക്കിടന്നപ്പോൾ രട്ടുടുത്തു. ഉപവാസംകൊണ്ടു ഞാൻ ആത്മതപനം ചെയ്തു. എന്റെ പ്രാർത്ഥന എന്റെ മാർവ്വിടത്തിലേക്കു മടങ്ങിവന്നു" (സങ്കീ 35:13). ന്യായാധിപന്മാർ 20:26–ൽ ആണ് ഉപവാസം എന്ന വാക്ക് ആദ്യമായി കാണുന്നത്. അപ്പോൾ യിസ്രായേൽമക്കൾ ഒക്കെയും സർവ്വജനവും കയറി ബേഥേലിലേക്കു ചെന്നു. അവിടെ യഹോവയുടെ സന്നിധിയിൽ കരഞ്ഞുകൊണ്ടു അന്നു സന്ധ്യവരെ ഉപവസിച്ചു പാർത്തു. യഹോവയുടെ സന്നിധിയിൽ ഹോമയാഗങ്ങളും സമാധാനയാഗങ്ങളും അർപ്പിച്ചു. ഏതു സാഹചര്യത്തിലാണ് ഈ ഉപവാസം നടത്തപ്പെട്ടതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ദൈവത്തോട് ആലോചന ചോദിച്ചാണ് യിസ്രായേൽമക്കൾ യുദ്ധത്തിനു പോയതെങ്കിലും അവർ തോൽക്കുകയുണ്ടായി. എന്നാൽ തങ്ങളെത്തന്നെ താഴ്ത്തി ഉപവാസത്താലും പ്രാർത്ഥനയാലും യാഗങ്ങളെ അർപ്പിച്ചപ്പോൾ ദൈവം അവർക്ക് വിജയം നൽകി. ദാനീയേലിന്റെ ജീവിതത്തിലും ഉപവാസത്താലും പ്രാർത്ഥനയാലും ദൈവസന്നിധിയിലേക്ക് തന്റെ മുഖം തിരിച്ചപ്പോൾ 70 വർഷത്തെ പ്രവാസകാലത്തെ അവസാനിപ്പിക്കുവാൻ രാജാവിൽനിന്ന് കല്പന പുറപ്പെട്ടു. നമുക്കും ദൈവസന്നിധിയിൽ ഉപവാസത്തോടും പ്രാർത്ഥനയോടും നമ്മുടെ മുഖം തിരിക്കാം. ദാനീയേലിന്റെ ദൈവം നമ്മുടെയും ദൈവമാണ്. സീയോനിൽ കാഹളം ഊതുവിൻ; ഒരു ഉപവാസം നിയമിപ്പിൻ; സഭായോഗം വിളിപ്പിൻ; ജനത്തെ കൂട്ടിവരുത്തുവിൻ; സഭയെ വിശുദ്ധീകരിപ്പിൻ; മൂപ്പന്മാരെ കൂട്ടിവരുത്തുവിൻ; പൈതങ്ങളെയും മുലകുടിക്കുന്നവരെയും ഒരുമിച്ചുകൂട്ടുവിൻ; മണവാളൻ മണവറയും മണവാട്ടി ഉള്ളറയും വിട്ടു പുറത്തു വരട്ടെ" (യോവേൽ 2: 15, 16).

ദൈവം അനുഗ്രഹിക്കട്ടെ.

■■■



യൂത്ത് കോർണർ



Rev. ബേസിൽ ജോർജ്

# തടസ്സങ്ങളെ മാറ്റുക (തുടർച്ച)

3. സാമ്പത്തിക ഭദ്രത

മോശെയുടെ മുൻപിലുള്ള അടുത്ത വെല്ലുവിളി മിസ്രയീമിലെ നിക്ഷേപങ്ങളായിരുന്നു. സകല മനുഷ്യരും ആഗ്രഹിക്കുന്ന ഒരു കാര്യമാണ് സാമ്പത്തിക ഭ്രദത. നാളെയെക്കുറിച്ചുള്ള ആശങ്കകളില്ലാതെ ജീവിക്കാൻ ആരാണ് ആഗഹിക്കാത്തത്? മോശെയുടെ മുൻപിൽ അക്കാലത്തെ ഏറ്റവും സമ്പന്ന രാജ്യമായ മിസ്രയീമിന്റെ നിക്ഷേപങ്ങൾ മുഴുവൻ ഇരിക്കുകയാണ്. അവയെ ഉപേക്ഷിച്ചിട്ടു വേണം അവന് ദൈവഹിതം തിരഞ്ഞെടുക്കുവാൻ. എന്നാൽ അത്രത എളുപ്പമല്ല.

ദൈവഹിതത്തിന് അത്രമേൽ പ്രാധാന്യം കൊടുക്കുന്ന ഒരാൾക്ക് മാത്രമേ ഈ വെല്ലുവിളികളെ അതിജീവിക്കുവാൻ സാധിക്കുകയുള്ളൂ. ചിലപ്പോഴൊക്കെ ഉന്നതവിദ്യാഭ്യാസവും ശമ്പളവുമൊക്കെ ഉള്ളവർ അത് ഉപേക്ഷിച്ച് സുവിശേഷ വേലക്കായി ഇറങ്ങാറുണ്ട്. അത് കാണുമ്പോൾ ചിലരൊക്കെ അതിനെ മഹത്വവൽക്കരിക്കാറുമുണ്ട്. എന്നാൽ അയ്യായിരം രൂപയും അൻപതിനായിരം രൂപയും അഞ്ച് ലക്ഷവും ദൈവത്തെ ആശ്രയിക്കുന്നവന് ഒരുപോലെയാണ്. കാരണം തന്റെതന്നെ സാദ്ധ്യതകളിൽ ആശ്രയിക്കുന്നതിനു പകരം ദൈവത്തിൽ ആശ്രയിക്കാനാണ് അവൻ തീരുമാനിക്കുന്നത്. അയ്യായിരം രൂപ മാത്രം ശമ്പളം വാങ്ങുന്നവനും ദൈവത്തെ ആശ്രയിക്കാൻ കഴിയാത്തതിനാലാണ് അവനത് വിട്ടിട്ട് ദൈവഹിതത്തെ തിരഞ്ഞെടുക്കാത്തത്. വളരെ സമ്പത്തുണ്ടായിരുന്ന ഒരു ചെറുപ്പക്കാരൻ ദു:ഖിച്ച് പൊയ്ക്കളഞ്ഞതായി മർക്കൊസ് 10:22-ൽ വായിക്കുന്നു. അവനെ സംബന്ധിച്ചിടത്തോളം തന്റെ സമ്പത്തിനെ വിട്ടിട്ട് കർത്താവിനെ അനുഗമിക്കുന്നത് ചിന്തിക്കാൻകഴിയാത്ത കാര്യമാണ്. ദൈവഹിതത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്താലേ ഈ തീരുമാനമെടുക്കാൻ കഴിയൂ.

സാമ്പത്തിക ലാഭം തേടിയതിനാൽ ദൈവഹിതം അവഗണിച്ച അനേകരുണ്ട്. പിന്നീട് സമ്പത്തുണ്ടാക്കിയെങ്കിലും ജീവിതത്തിൽ സമാധാനവും സന്തോഷവുമില്ലാത്തവരായവർ. വിവാഹാലോചനകൾ വരുമ്പോൾ ദൈവിക പ്രമാണങ്ങൾക്കനുസരിച്ച് തീരുമാനമെടുക്കുന്നതിനു പകരം ധനമോഹത്താൽ തീരുമാനമെടുക്കും. ഒടുവിൽ തീരാദു:ഖവുമായി ജീവിക്കുന്ന അനേകരുണ്ട്.

നമ്മുടെ ഭദ്രത ക്രിസ്തുവിലാണ്. ആ ഭ്രദത തിരിച്ചറിയുക എന്നത് വളരെ ഭാഗ്യകരവും ആശ്വാസകരവുമാണ്. ആറ് ലക്ഷം യിസ്രായേൽക്കാരെ 40 വർഷം മരുഭൂമിയിൽ നടത്തുവാൻ ദൈവം ഉപയോഗിച്ചത് ഈ മോശെയെയാണ്. ഒരുനേരത്തെ ആഹാരംപോലും എടുക്കാതെ മിസ്രയീമിൽനിന്നും യാതതിരിച്ച യിസ്രായേൽ ഒരുദിവസംപോലും പട്ടിണി കിടന്നില്ല. അതുകൊണ്ട് മോശെയെപ്പോലെ സാമ്പത്തിക ഭ്രദതയെ നോക്കാതെ നമുക്കും ദൈവഹിതപ്രകാരം തിരുമാനമെടുക്കാം.

4. രാജാവിന്റെ കോപം

മോശെയെ സംബന്ധിച്ചിടത്തോളം ഫറവോന്റെ പുത്രിയുടെ മകനെന്ന സ്ഥാനത്ത് രാജാവിനോട് വളരെ നിർണ്ണായകമായ ബന്ധമായിരുന്നു ഉണ്ടായിരുന്നത്. ഈ ശരിയായ തീരുമാനമെടുത്താൽ രാജാവിന്റെ കോപത്തിന് പാത്രമാകേണ്ടിവരും. മോശെ മിസ്രയീമ്യനെ ഒറ്റയടിക്ക് കൊന്നെന്നറിഞ്ഞപ്പോൾ ഫറവോ കോപിക്കുകയും ചെയ്തു. എന്നാൽ രാജാവിന്റെ കോപത്തിന് പാത്രമാകുമെന്ന് അറിയാമെങ്കിലും ദൈവഹിതപ്രകാരം ദൈവജനത്തോടൊപ്പം കഷ്ടമനുഭവിക്കാൻ അവൻ തീരുമാനിച്ചു.

മനുഷ്യർ എന്തുപറയും എന്ന് ചിന്തിക്കുന്നതാണ് പലപ്പോഴും ദൈവഹിതപ്രകാരം തീരുമാനങ്ങളെടുക്കുന്നതിന് തടസ്സമായിട്ടുള്ളത്. മറ്റുള്ള

വരുടെ അംഗീകാരവും പ്രീതിയും ലഭിക്കുന്ന തീരുമാനങ്ങളെടുക്കുവാൻ നാം ശ്രമിച്ചാൽ പലപ്പോഴും ദൈവഹിതത്തിൽനിന്നും അകന്നുപോവുകയായിരിക്കും ഫലം. ചിലരൊക്കെ മദ്യപാനവും മയക്കുമരുന്നുമൊക്കെ ആരംഭിക്കുന്നതിനു പുറകിൽ ഇത്തരം മനോഭാവമാണ്. കൂട്ടുകാരുടെ അംഗീകാരം കിട്ടാനും അവരിൽനിന്നും ഒറ്റപ്പെടാതിരിക്കാനുമൊക്കെ നാം ശ്രമിക്കുമ്പോൾ അനന്തരഫലം ദുശ്ശീലങ്ങൾക്ക് അടിമപ്പെടലാണ്.

ഏത് പ്രായത്തിലും നമുക്കുണ്ടാവുന്ന സമ്മർദ്ദമാണിത്. സമൂഹത്തിന്റെ അംഗീകാരവും സനേഹവും കിട്ടാൻ ശരിയല്ലെന്ന് അറിയാവുന്ന കാര്യങ്ങൾ ചെയ്യാൻ കൂട്ടുനിൽക്കുകയും ശരിയായ കാര്യങ്ങൾ ചെയ്യാതിരിക്കുകയും ചെയ്യുന്ന അവസ്ഥ. അപ്പൊസ്തലനായ പത്രൊസിന്റെ ജീവിതത്തിൽ അപ്രകാരം സംഭവിച്ചത് പൗലൊസ് ചൂണ്ടിക്കാണിക്കുന്നുണ്ട് (ഗലാത്യാർ 2:11-13). യെഹൂദനായ പത്രൊസ് ജാതികളിൽനിന്നും രക്ഷിക്കപ്പെട്ടവരോട് കൂടെയാണ് എഫെസൊസിൽവെച്ച് ഭക്ഷണം കഴിച്ചുകൊണ്ടിരുന്നത്. എന്നാൽ യെഹൂദ മര്യാദ പ്രകാരം അത് പാടില്ലാത്തതാണ്. പക്ഷേ ദൈവത്തിന് മുഖപക്ഷമില്ലെന്നറിയാവുന്ന പത്രൊസ് എല്ലവരോടും കൂട്ടായ്മ ആചരിച്ചുപോന്നു. എന്നാൽ ആ സമയത്താണ് യെരുശലേമിൽനിന്നും ചിലർ എഫെസൊസിലേക്ക് വന്നത്. അവരാണെങ്കിൽ തീവ്രമായ യെഹൂദ ചിന്താഗതി പുലർത്തുന്നവരും. അവർ വന്നതിനുശേഷം പത്രൊസ് ജാതികളോടൊപ്പം ഭക്ഷണം കഴിക്കുന്നത് നിർത്തി. ഈ കാപട്യത്തെയാണ് പൗലൊസ് കുറ്റപ്പെടുത്തിയത്.

അതുകൊണ്ട് ദൈവഹിതപ്രകാരമുള്ള തീരുമാനങ്ങളെടുക്കുവാൻ മനുഷ്യനെ ഭയപ്പെടാത്ത ഒരു മാനസികാവസ്ഥ ഉണ്ടാകണം. മനുഷ്യരെ ഭയപ്പെടുന്നതിനെക്കാൾ ദൈവത്തെ ഭയപ്പെടുന്ന ധീരത നാം കാണിക്കണം. ഈയൊരു മനോഭാവമുണ്ടെങ്കിലേ വിശ്വാസജീവിതത്തിൽ എതിർപ്പുകൾ വന്നാലും നമുക്ക് പിടിച്ച്നിൽക്കാൻ കഴിയൂ. ലോകം മുഴുവൻ എതിരായാലും വിശ്വാസജീവിതത്തിനുവേണ്ടി ധൈര്യംകാണിക്കാൻ കഴിയൂ.

### പ്രതിബന്ധങ്ങളെ മറികടക്കുക

ഈ പ്രതിബന്ധങ്ങളെ മറികടക്കുവാൻ മോശെയെ സഹായിച്ച ഘടകങ്ങൾ എന്തൊക്കെയാണെന്ന് നമുക്ക് നോക്കാം.

ഒന്നാമതായി, മോശെയുടെ തീരുമാനങ്ങൾ വിശ്വാസത്താൽ എടുത്തതായിരുന്നു. ദൈവഹിതം അംഗീകരിക്കാൻ വിശ്വാസം കൂടിയേതീരൂ. കാരണം ദൈവഹിതം എല്ലായ്പ്പോഴും സാഹചര്യങ്ങൾക്ക് അതീതമായിരിക്കും. അതിലേക്കെത്തണമെങ്കിൽ വിശ്വാസത്തിൽ ഊന്നിനിൽക്കണം. ദൈവഹിതം അംഗീകരിക്കുന്നതാണ് നല്ലതെന്ന് വിശ്വസിക്കാൻ കഴിയണം. അതുമല്ലെങ്കിൽ ദൈവഹിതം തിരഞ്ഞെടുത്താൽ തനിക്ക് ഒരു ദോഷവും വരില്ലെന്ന് വിശ്വസിക്കാൻ കഴിയണം.

ഒരാളുടെ വിശ്വാസം എന്താണെന്ന് വെളിപ്പെടുന്നത് വാക്കുകളിലൂടെയല്ല, അയാളുടെ തീരുമാനങ്ങളിലൂടെയാണ്. നമ്മുടെ വിവാഹ സമയത്ത് ദൈവവചനത്തിന്റെ പ്രമാണങ്ങൾക്കനുസരിച്ച് തിരുമാനങ്ങളെടുക്കാതെ പണത്തിന്റെയോ. സൗന്ദര്യത്തിന്റെയോ, കുടുംബമഹിമയുടെയോ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുമ്പോൾ നാം യഥാർത്ഥത്തിൽ അവിശ്വാസികളാണെന്ന് തെളിയുകയാണ്. അവിശ്വാസികളുമായി ഇണയല്ലാപ്പിണ കൂടരുതെന്ന് ബൈബിൾ പറയുമ്പോൾ അതിനു വിരുദ്ധമായ തീരുമാനങ്ങൾ നാമെടുത്താൽ അവിടെ വിശ്വാസത്തിനു എന്ത് പ്രസക്തിയാണുള്ളത്. ദൈവത്തിലുള്ള, ദൈവവചനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം നമ്മുടെ തീരുമാനങ്ങളെല്ലാം. ദാനീയേലിന്റെ ജിവിതത്തിൽ അവനെടുത്ത ഒരു തീരുമാനത്തെക്കുറിച്ച് 1:8 ൽ വായിക്കുന്നുണ്ട്. അവനെടുത്ത തീരുമാനം ദൈവവചനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. നമ്മുടെ ജീവിതത്തിലെ എല്ലാ തീരുമാനങ്ങളും വിശ്വാസത്താൽ എടുക്കുവാൻ ദൈവം സഹായിക്കട്ടെ.

രണ്ടാമതായി, പ്രതിഫലം നോക്കിക്കൊണ്ട് തീരുമാനമെടുക്കണം. നാം എടുക്കുന്ന ഏതൊരു തീരുമാനവും തിരികെ ലഭിക്കുന്ന ലാഭത്തിന്റെ അടിസ്ഥാനത്തിലാണല്ലോ. അങ്ങനെയെങ്കിൽ ആത്മീകരായ നാം എടുക്കുന്ന ഏതൊരു തീരുമാനവും നിത്യതയിൽ നമുക്കു ലഭിക്കുന്ന പ്രതിഫലത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം. തനിക്ക് താത്കാലികമായി ലഭിക്കാമായിരുന്ന നേട്ടങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ടാണ് മോശെ തീരുമാനമെടുത്തത്. പക്ഷേ ആ തീരുമാനങ്ങൾ നിത്യതയിലെ പ്രതിഫലങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. പൗലൊസ് അപ്പൊസ്തലൻ തനിക്ക് ലാഭമായിരുന്നതൊക്കെയും ചപ്പെന്നും ചവറെന്നും (ഫിലി 3:11) കണക്കാക്കിയപ്പോൾ നീതിയുടെ കിരീടമാണ് (2 തിമൊ 4:8) ലക്ഷ്യംവെച്ചത്. ഇന്ന് നാം എന്താണ് പ്രതിഫലമായി പ്രതീക്ഷിക്കുന്നത്? നിത്യതേജസ്സിന്റെ ഘനം ഓർക്കുവാൻ പൗലൊസപ്പൊസ്തലൻ പറയുന്നത് വെറുതെയല്ല. താത്കാലികമായുണ്ടാകുന്ന നഷ്ടങ്ങളെ അവഗണിക്കുവാൻ കഴിയണമെങ്കിൽ ഈ ചിന്ത നമ്മുടെ ഹൃദയത്തെ ഭരിക്കണം.

മൂന്നാമതായി, മോശെയുടെ തീരുമാനങ്ങളെ സ്വാധീനിച്ച കാര്യം തന്റെ ജീവിതത്തിന്റെ മുൻഗണനാക്രമം ആയിരുന്നു. എബ്രായർ 11:24-27 വാക്യങ്ങളിൽ ചില കാര്യങ്ങളെ മറ്റുചിലതിനെക്കാൾ അധികം പ്രാധാന്യത്തോടെ കണ്ടിരുന്നു എന്ന്

(ശേഷം പേജ് 26 - ൽ)



ടീച്ചർ



ആലീസ് ബേബി

# താഴ്മയോടെ ജീവിച്ചാൽ...

ഒരിക്കൽ ഒരു ഗുരു തന്റെ ശിഷ്യനുമായി വയലിലൂടെ നടക്കുകയായിരുന്നു. കൊയ്ത്തിനു പാകമായ നെൽ പാടം സ്വർണ്ണനിറത്തിൽ വിളഞ്ഞുനിൽക്കുന്നു. ചില നെൽക്കതിരുകൾ താഴേക്ക് വളഞ്ഞും മറ്റുചിലത് നേരെ മുകളിലേക്ക് തലയുയർത്തിയും നിൽക്കുന്നു. ആ കാഴ്ച കണ്ടപ്പോൾ ശിഷ്യന് ഒരു സംശയം തോന്നി.

ശിഷ്യൻ ഗുരുവിനോട് ചോദിച്ചു "ഗുരോ, എന്തുകൊണ്ടാണ് ചില നെൽക്കതിരുകൾ താഴേക്ക് വളഞ്ഞും മറ്റുള്ളവ ഗമയിൽ നിവർന്നുനിൽക്കുന്നതും."

ഗുരു ചിരിച്ചുകൊണ്ട് ശിഷ്യനെ അടുത്തുവിളിച്ചു. എന്നിട്ട് ആ നിവർന്നുനിൽക്കുന്ന ഒരു കതിർ പൊട്ടിച്ചു കാണിച്ചുകൊടുത്തു. ഉള്ളിൽ അരിയില്ലാത്ത കതിർ. തുടർന്ന് ഗുരു താഴേക്ക് കുനിഞ്ഞുനിൽക്കുന്ന കതിർ കാണിച്ചുകൊടുത്തു അത് നല്ല കനമുള്ള അരിനിറഞ്ഞ നെൽക്കതിർ ആയിരുന്നു.

ഗുരു പറഞ്ഞു.

"മകനേ, ഉള്ളിൽ അറിവും ജ്ഞാനവുമുള്ളവർ വിനയവും താഴ്മയും ഉള്ളവർ ആയിരിക്കും. എന്നാൽ ഉള്ളിൽ ഒന്നുമില്ലാത്തവർ അഹങ്കാരത്തോടെ പെരുമാറും."

ഈ ചെറിയ കഥയിൽനിന്നും ചില കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം.

താഴ്മ – നമ്മുടെ ഉള്ളിലെ അറിവിന്റെയും നന്മയുടെയും അടയാളമാണ്.

അഹങ്കാരം – ഉള്ളിൽ ഒന്നുമില്ലെങ്കിലും താൻ വലിയവനാണെന്ന് ഭാവിക്കുന്നു.

"ദൈവം നിഗളികളോട് എതിർത്തുനിൽക്കയും, താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നു" (യാക്കോബ് 4:6).

"ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽഏറ്റവും വലിയവൻ ആകുന്നു" (മത്തായി 18:4).

"യഹോവ താഴ്മയുള്ളവരെ ഉയർത്തുന്നു. അവൻ ദുഷ്ടന്മാരെ നിലത്തു തള്ളിയിടുന്നു" (സങ്കീർത്തനം 147:6).

"താഴ്മക്കും യഹോവാഭക്തിക്കും ഉള്ള പ്രതിഫലം ധനവും മാനവും ജീവനും ആകുന്നു" (സദൃശവാക്യങ്ങൾ 22:4).

ദൈവത്തിന്റെ മുമ്പിലും മറ്റുള്ളവരുടെ മുമ്പിലും വിനയത്തോടും താഴ്മയോടും ജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# 2026 മെയ്

**MORNING FELLOWSHIP**
**എല്ലാ ദിവസവും**

HINDI : 5.00 am – 6.15 am
ID https://meet.google.com/gdhnyycvjy

MALAYALAM : 5.40 am – 6.40 am
ID https://meet.google.com/iibyyvdseq

## ഓൺലൈൻ പ്രോഗ്രാമുകൾ

ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.
Meeting ID : iibyyvdseq

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

**എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm**
**അല്ലപ്ര മിഷൻസെന്ററിൽവെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.**

## മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 01.05.2026 | വെള്ളി | 6 pm - 9 pm | കുടുംബസംഗമവും 19–ാമത് സ്ഥാപകദിനവും | മിഷൻസെന്റർ |
| 02.05.2026 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| | | 12 pm - 1 pm | എൽഡേഴ്സ് മീറ്റിംഗ് | മിഷൻസെന്റർ |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (നസ്റേത്ത്) | തട്ടാംമുകൾ (ചേലക്കാട്ട് ശ്രീ. സി. കെ. എബ്രഹാമിന്റെ ഭവനം) |
| 07.05.2026 | വ്യാഴം | 7 pm - 8.30 pm | പ്രവർത്തക കൂട്ടായ്മ | മിഷൻസെന്റർ |
| 09.05.2026 | ശനി | 10 am - 12 pm | സഫൽ ക്ലബ് (കുട്ടികൾക്ക്) | മിഷൻസെന്റർ |
| | | 10 am - 1 pm | ധ്യാനയോഗം | മിഷൻ സെന്റർ |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ബേത്‌ലഹേം) | കുരീക്കാട് (വാക്കനാംപാടത്തിൽ ശ്രീ. സ്ലീബ വി. പോളിന്റെ ഭവനം) |
| 16.05.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻ സെന്റർ |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഹോറേബ്) | മേക്കടമ്പ് (മടത്തിനാതോട്ടത്തിൽ Late എം.ജെ. കുര്യാക്കോസിന്റെ ഭവനം) |
| 21.05.2026 | വ്യാഴം | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഗെത്സമെൻ) | കൊമ്പനാട് (മനേക്കുടി ശ്രീ. എം.ഒ. ജോസിന്റെ ഭവനം) |
| 23.05.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻ സെന്റർ |
| 28.05.2026 | വ്യാഴം | 7 pm - 9 pm | പ്രാർത്ഥനയോഗം | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പി. വി. ജോസഫിന്റെ ഭവനം) |
| 29.05.2026 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (സീനായ്) | അശമന്നൂർ (ചെറിയവേളൂർ പുത്തൻപുരയിൽ ശ്രീ. സി.റ്റി. ഉമ്മന്റെ ഭവനം) |
| 30.05.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻ സെന്റർ |

**ഞങ്ങൾ സ്വർഗ്ഗത്തിന്നും ഭൂമിക്കും ദൈവമായിരിക്കുന്നവന്റെ ശുശ്രൂഷക്കാരാകുന്നു; ഏറിയ സംവത്സരം മുമ്പെ പണിതിരുന്ന ആലയം ഞങ്ങൾ പണിയുന്നു. (എസ്രാ 5:11)**

കർണ്ണാടക



തെലങ്കാന



തമിഴ്നാട്



ആന്ധ്രപ്രദേശ്



ഗുജറാത്ത്




മഹാരാഷ്ട്ര



ഹിമാചൽപ്രദേശ്



ഉത്തരാഖണ്ഡ്



മദ്ധ്യപ്രദേശ്




പഞ്ചാബ്



ജമ്മു കാശ്മീർ



ഉത്തർപ്രദേശ്



രാജസ്ഥാൻ



# 19-ാമത് സ്ഥാപകദിനത്ത



ഡോ. നെൽസൻ മാത്യു
Project co ordinator



ശ്രീ. ബേബി ജോർജ്ജ്
Joint Secretary



ശ്രീ. സി.റ്റി. ഉമ്മൻ
Help India Mission
Secretary



ശ്രീ. സി.സി. ജോസഫ്
Secretary




ഡോ. വി.പ
വാല
Founder &

നേതൃത്വ



Br. സജി കെ.എസ്.
& ഫാമിലി



Br.ധിരഞ്ജൻ ലിമ
& ഫാമിലി



Br.രാമേശ്വർ സാഹു
& ഫാമിലി

















ഛത്തീ

# ...തിൽ സ്തോത്രത്തോടെ...



...ി. മത്തായി
...യിൽ
...& Director



റവ. പി.വി. യാക്കോബ്
Trustees



ശ്രീ. എം. ഐസക്ക്
Trustees



ശ്രീ. എ.വി. ബെന്നി
Trustees



ശ്രീ. ഒ.ജെ. പൗലോസ്
Trustees

...നിരയിൽ






Br.വിക്ടർ സോയി
& ഫാമിലി



Br.ഹാനോക് പട്ടേൽ
& ഫാമിലി




Br.പ്രേംചന്ദ് മുണ്ട
& ഫാമിലി



















...സ്ഗഡ്

പേജ് 17 തുടർച്ച



## ബീഹാർ



## മേഘാലയ



## നാഗാലാന്റ്



## അസ്സം



## ഒഡീഷ



## വെസ്റ്റ് ബംഗാൾ



## ജാർഖണ്ട്



## അരുണാചൽ പ്രദേശ്



തുടർച്ച പേജ് 33-ൽ

# ദൈനംദിന സഹായി

വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.

## 01

| | | |
|---|---|---|
| വായനഭാഗം | : | **2 ശമുവേൽ 22–24 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | ആന്ധ്രാപ്രദേശ് (വിശാഖപട്ടണം) |
| പ്രവർത്തകർ | : | സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) ബാവി റെഡ്ഡി, മധുഷന സുവർണ്ണരാജ്, പേമാടി ശ്രീനിവാസു, ധുംഗ ആദിനാരായണ |
| വിഷയങ്ങൾ | : | വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം. |

## 02

| | | |
|---|---|---|
| വായനഭാഗം | : | **1 രാജാക്കന്മാർ 1, 2 അദ്ധ്യായങ്ങൾ, യോഹന്നാൻ 9, 10 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | അരുണാചൽ പ്രദേശ് (ബോംഡില) |
| പ്രവർത്തകൻ | : | പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി) |
| വിഷയങ്ങൾ | : | വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം. |

## 03

| | | |
|---|---|---|
| വായനഭാഗം | : | **1 രാജാക്കന്മാർ 3, 4 അദ്ധ്യായങ്ങൾ, യോഹന്നാൻ 11, 12 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | അസം (ബൊംഗൈഗാവ്) |
| പ്രവർത്തകർ | : | വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ), കുശാൽ ബോറോ |
| വിഷയങ്ങൾ | : | ചരിബു- മരത്തിൽനിന്നു വീണു. നെഞ്ചിന് പരിക്കുപറ്റി. സൗഖ്യത്തിനായും വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം. |

## 04

| | | |
|---|---|---|
| വായനഭാഗം | : | **1 രാജാക്കന്മാർ 5, 6 അദ്ധ്യായങ്ങൾ, യോഹന്നാൻ 13, 14 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | ബീഹാർ (പൂർണ്ണിയ) |
| പ്രവർത്തകർ | : | ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) പ്രസാദ് റാം, ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ് |
| വിഷയങ്ങൾ | : | ഗുരു- ഷുഗർ സൗഖ്യത്തിനായും, ഫീൽഡിൽ 12 പേർക്ക് സ്നാനം നൽകാൻ ആഗ്രഹിക്കുന്നു. ആ ശുശ്രൂഷയുടെ അനുഗ്രഹത്തിനായും, എല്ലാ യുവജനങ്ങൾക്കായും, സൺേഡേസ്കൂളിനായും വിശ്വാസികൾക്കായും പ്രാർത്ഥിക്കാം. |

## 05

| | | |
|---|---|---|
| വായനഭാഗം | : | **1 രാജാക്കന്മാർ 7, 8 അദ്ധ്യായങ്ങൾ, യോഹന്നാൻ 15, 16 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | ബീഹാർ (പൂർണ്ണിയ) |
| പ്രവർത്തകർ | : | ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ) |
| വിഷയങ്ങൾ | : | ഫീൽഡിലെ എല്ലാ വിശ്വാസികൾക്കായും, സുവിശേഷവേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം. |

## 06

| | | |
|---|---|---|
| വായനഭാഗം | : | **1 രാജാക്കന്മാർ 9, 10 അദ്ധ്യായങ്ങൾ, യോഹന്നാൻ 17, 18 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | ബീഹാർ (കട്ടിഹാർ) |
| പ്രവർത്തകർ | : | ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ) |
| വിഷയങ്ങൾ | : | ഫീൽഡിലെ എല്ലാ വിശ്വാസികൾക്കായും, സുവിശേഷവേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം. |

## 07

| | | |
|---|---|---|
| വായനഭാഗം | : | **1 രാജാക്കന്മാർ 10, 11 അദ്ധ്യായങ്ങൾ, യോഹന്നാൻ 19, 20 അദ്ധ്യായങ്ങൾ** |
| മിഷൻ ഫീൽഡ് | : | ബീഹാർ (കട്ടിഹാർ) |
| പ്രവർത്തകർ | : | കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ ടുഡു |
| വിഷയങ്ങൾ | : | വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം. |

## 08

**വായനഭാഗം** : **1 രാജാക്കന്മാർ 12–14 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഢ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർലാൽ ലോട്ട്റെ, ശ്യാംകുമാർ കിഷോർ, ധനേശ്വർസിംഗ് മാർക്കം
**വിഷയങ്ങൾ** : സന്തോഷ് - ശരീരം മുഴുവൻ ചൊറിച്ചിൽ, സരസ്വതി - കാല് വേദന, ഓബേദ് - മുഖത്ത് ചൊറിച്ചിൽ, പ്രതിമ - തലകറക്കം, ബലിറാം, ബസന്ത്, മഹേഷ് - കാല്‌വേദന, ശ്യാമ - അമിതവണ്ണം, രേണു - ക്ഷീണം, ബ്ലഡ് കുറവ് - ഇവരുടെ സൗഖ്യത്തിനായും, ഗോവിന്ദ് - മാനസാന്തരത്തിനായും, സുമിത്ര, റാണി- മക്കളില്ലാതെ ഭാരപ്പെടുന്നു, ശുഭം, ഭഗവാനി - കുടുംബത്തിന്റെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 09

**വായനഭാഗം** : **1 രാജാക്കന്മാർ 15, 16 അദ്ധ്യായങ്ങൾ, യോഹന്നാൻ 21–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഢ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു
**വിഷയങ്ങൾ** : പ്രിയ - പുതിയതായി വിശ്വാസത്തിൽ വന്ന വ്യക്തിയാണ്. വിശ്വാസത്തിൽ നിലനിൽക്കുവാനും, സന്തോഷി - പൈൽസ് സൗഖ്യത്തിനായും, മേനിക - തക്ക തുണക്കായും, ശത്രുഹൻ - മദ്യപാനം മാറുന്നതിനും, ചർച്ചിന്റെ നിർമ്മാണപ്രവർത്തങ്ങളുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 10

**വായനഭാഗം** : **1 രാജാക്കന്മാർ 17–19 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂററ്റ്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: ഏനോശ്, ആരോൺ) വാൽവി ദിനേഷ് ഭായി
**വിഷയങ്ങൾ** : ഗംഗാപൂർ ഗ്രാമത്തിൽ പുതിയതായി സ്നാനമേൽക്കാൻ ആഗ്രഹിക്കുന്ന വിശ്വാസികൾക്കായും, ഏലു - തലവേദന, വിക്രം - വൃക്കയിൽ കല്ല്, ജയ്റ്റ - വാർദ്ധക്യസഹജമായ രോഗങ്ങൾ ഇവരുടെ സൗഖ്യത്തിനായും, ഏനോശ് - പരീക്ഷയിൽ ഉന്നതവിജയത്തിനായും, പർമീള - ഭർത്താവിന്റെ മദ്യപാനം മാറുവാനും, വിക്രം - കടബാധ്യത മാറുവാനും, എല്ലാ വിശ്വാസികളും ആത്മീയമായി വളരുവാനും പ്രാർത്ഥിക്കാം.

## 11

**വായനഭാഗം** : **1 രാജാക്കന്മാർ 20–22 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 12

**വായനഭാഗം** : **2 രാജാക്കന്മാർ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജമ്മു – കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽഭൂഷൻ കുമാർ
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 13

**വായനഭാഗം** : **2 രാജാക്കന്മാർ 4–6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (ജംഷഡ്പൂർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : റാണി - രണ്ടു കാലിനും വേദന, പാരുൾ, അലോക്, നേഹ - പനി, സോംബാരി - ഒരു വർഷമായി വയറുവേദന, രാധേ ഗരാസിയ, മാൻഷി, സൻജന - സാത്താന്യ ബന്ധനം വിടുതലിനായും, സുവിശേഷവേലയുടെ അനുഗ്രഹത്തിനായും, വിശ്വാസികളുടെ ആത്മീയവളർച്ചക്കായും പ്രാർത്ഥിക്കാം.

## 14

**വായനഭാഗം** : **2 രാജാക്കന്മാർ 7–9 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകൻ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റിമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 15

**വായനഭാഗം** : **2 രാജാക്കന്മാർ 10–12 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മദ്ധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തകർ** : അജയ്കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രയാൻഷ്, പ്രിയാൻഷി), സഞ്ജീവ്, ഫൂൽസിംഗ്, രാജേഷ് മൈഡ, ദീപക്കുമാർ, പാർസിംഗ്
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 16

**വായനഭാഗം** : **2 രാജാക്കന്മാർ 13, 14 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 1–ാം അദ്ധ്യായം**

**മിഷൻ ഫീൽഡ്** : മഹാരാഷ്ട്ര (ഗോന്ദിയ)

**പ്രവർത്തകർ** : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ചൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലളിത് ജനബന്ധു, സായിനാഥ് മല്ല, ഗണേഷ് ഉമാജി ഷിൻഡെ

**വിഷയങ്ങൾ** : പിന്റു - ഉദരഫലത്തിന്റെ അനുഗ്രഹത്തിനായും, സുഖപ്രസവത്തിനായും, ഷൈലേഷ്, ബബിത - തളർവാതം, രമേഷ് - ആക്സിഡന്റ് പറ്റി ചികിത്സയിലാണ്, ഖുശി - ബ്ലഡ് കുറവ്, ക്ഷീണം, കല്പന - നടുവേദന, പ്രത്വിരാജ് - വാർദ്ധക്യസഹജമായ രോഗങ്ങൾ, ദാനിയേൽ - പനി, ഇവരുടെ സൗഖ്യത്തിനായും, പ്രാച്ചി - ജോലി ലഭിക്കുവാനും നടത്തപ്പെടുന്ന ചർച്ചുപണിയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 17

**വായനഭാഗം** : **2 രാജാക്കന്മാർ 15, 16 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 2–ാം അദ്ധ്യായം**

**മിഷൻ ഫീൽഡ്** : മേഘാലയ (ഷില്ലോങ്)

**പ്രവർത്തകൻ** : അമൃത് ബോറോ (ഭാര്യ: രേഷ്ന, മക്കൾ: സ്മൃതി, എയ്ഡൻ)

**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 18

**വായനഭാഗം** : **2 രാജാക്കന്മാർ 17, 18 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 3–ാം അദ്ധ്യായം**

**മിഷൻ ഫീൽഡ്** : നാഗാലാന്റ് (ഡിമാപൂർ)

**പ്രവർത്തകൻ** : യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ)

**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 19

**വായനഭാഗം** : **2 രാജാക്കന്മാർ 19 – 21 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : ഒഡിഷ (കണ്ഡമാൽ)

**പ്രവർത്തകർ** : സുദാം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആശേഷ്, അർച്ചൻ, അഞ്ജന) തുപേശ്വർ മാജി, അമർസിംഗ് ഡിഗൽ

**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 20

**വായനഭാഗം** : **2 രാജാക്കന്മാർ 22, 23 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 4–ാം അദ്ധ്യായം**

**മിഷൻ ഫീൽഡ്** : ഒഡിഷ (കൊട്ടഗ്രാ)

**പ്രവർത്തകൻ** : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)

**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 21

**വായനഭാഗം** : **2 രാജാക്കന്മാർ 24, 25 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 5–ാം അദ്ധ്യായം**

**മിഷൻ ഫീൽഡ്** : ഒഡിഷ (ഹത്മുനിഗുഡ)

**പ്രവർത്തകൻ** : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)

**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 22

**വായനഭാഗം** : **1 ദിനവൃത്താന്തം 1, 2 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 6–ാം അദ്ധ്യായം**

**മിഷൻ ഫീൽഡ്** : ഒഡിഷ (കൽഹണ്ടി)

**പ്രവർത്തകൻ** : ആശിഷ് സിംഗ് (ഭാര്യ: മുക്ത)

**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 23

**വായനഭാഗം** : **1 ദിനവൃത്താന്തം 3, 4 അദ്ധ്യായങ്ങൾ**

**മിഷൻ ഫീൽഡ്** : ഒഡിഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)

**പ്രവർത്തകർ** : ദിലീപ് സോറൻ (ഭാര്യ: സുനിത, മകൾ: ഏയ്ഞ്ചൽ) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി) രാംരാജ് എം.ജി. (ഭാര്യ: മംമ്ത, മക്കൾ: ജമീമ, ജറീന)

**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 24

**വായനഭാഗം** : **1 ദിനവൃത്താന്തം 5, 6 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 7–ാം അദ്ധ്യായം**

**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)

**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മക്കൾ: ജോൺസൺ, സുഖ്രൂപ് കൗർ), രാജ്പാൽ മസിഹ്

**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 25

വായനഭാഗം : **1 ദിനവൃത്താന്തം 7, 8 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 8–ാം അദ്ധ്യായം**
മിഷൻ ഫീൽഡ് : രാജസ്ഥാൻ (ബാൻസ്വാഡ)
പ്രവർത്തകർ : ലക്ഷ്മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവ്ഡ, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്‌വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ്ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത്, രാംലാൽ ഡിൻഡോർ
വിഷയങ്ങൾ : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 26

വായനഭാഗം : **1 ദിനവൃത്താന്തം 9, 10 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : തമിഴ്നാട് (തേനി)
പ്രവർത്തകർ : കെ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
വിഷയങ്ങൾ : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 27

വായനഭാഗം : **1 ദിനവൃത്താന്തം 11, 12 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : തെലങ്കാന (രാമണ്ണപ്പേട്ട)
പ്രവർത്തകർ : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലീ, സുസന്ന, സാറ്റ്‌വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടി ഗോപാൽ റാവു (ഭാര്യ: ഇന്ദിര, മക്കൾ: രുത്‌വിക, ഇവാഞ്ചലിക)
വിഷയങ്ങൾ : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 28

വായനഭാഗം : **1 ദിനവൃത്താന്തം 13 – 15 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : ഉത്തർപ്രദേശ് (ഗോരഖ്പൂർ)
പ്രവർത്തകർ : അജിത്ത് കുമാർ (ഭാര്യ: ആശ), ഭോലോനാഥ് സുമൻ
വിഷയങ്ങൾ : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 29

വായനഭാഗം : **1 ദിനവൃത്താന്തം 16 – 18 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : ഉത്തരാഖണ്ഡ് (നൈനിറ്റാൾ)
പ്രവർത്തകർ : ഹർമീന്ദ് സിംഗ് (ഭാര്യ: കിരൺ, മക്കൾ: അലക്സ്, ജെറിൽ)
വിഷയങ്ങൾ : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 30

വായനഭാഗം : **1 ദിനവൃത്താന്തം 19 – 21 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായ്ഗുരി)
പ്രവർത്തകർ : ഉമേഷ്കുമാർ ഹെമ്പ്രോം (ഭാര്യ: മീന, മക്കൾ: ജറീന, ജയിംസ്) ആമോസ് ബസ്റ, മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു
വിഷയങ്ങൾ : ചമ്പി - വയറുവേദന, റബിക - വയറുവേദന, സോനമുനി - നടുവേദന, കാലുവേദന, നടക്കാൻ പ്രയാസം, സോഹാനി - ചുമ, ജലദോഷം, മീന - അമിതവണ്ണം ഇവരുടെ സൗഖ്യത്തിനായും, ഭട്ടക്കു - മദ്യപാനം മാറുവാനും, രൂബേൻ - തക്ക തുണക്കായും പ്രാർത്ഥിക്കാം.


## 31

വായനഭാഗം : **1 ദിനവൃത്താന്തം 22, 23 അദ്ധ്യായങ്ങൾ, അപ്പൊ. പ്രവൃത്തികൾ 9, 10 അദ്ധ്യായങ്ങൾ**
മിഷൻ ഫീൽഡ് : വെസ്റ്റ് ബംഗാൾ (കട്ടൽഗുരി)
പ്രവർത്തകർ : ബിക്കി ലോഹാർ (ഭാര്യ: ദീപ്മാല)
വിഷയങ്ങൾ : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.


പ്രാർത്ഥനാ സഹായത്തിന്
**ഗാർഡിയൻ പ്രേയർ സെൽ**

**ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക**

**CALL: 94466 10923**
**E-mail: guardianprayercell@gmail.com**
**www.egmofindia.com**



റവ. സണ്ണി
കെ ജോൺ

# പൗലൊസിന്റെ സ്നേഹബന്ധങ്ങൾ

വായനഭാഗം : റോമർ 16 : 21-26

"എന്റെ കൂട്ടുവേലക്കാരനായ തിമൊഥെയൊസും എന്റെ ചാർച്ചക്കാരായ ലൂക്യൊസും യാസോനും സോസിപത്രൊസും നിങ്ങളെ വന്ദനം ചെയ്യുന്നു. ഈ ലേഖനം എഴുതിയ തെർതൊസ് എന്ന ഞാൻ നിങ്ങളെ കർത്താവിൽ വന്ദനം ചെയ്യുന്നു. എനിക്കും സർവ്വസഭെക്കും അതിഥിസൽക്കാരം ചെയ്യുന്ന ഗായൊസ് നിങ്ങളെ വന്ദനം ചെയ്യുന്നു. പട്ടണത്തിന്റെ ഭണ്ഡാരവിചാരകനായ എരസ്തൊസും സഹോദരനായ ക്വർത്തൊസും നിങ്ങളെ വന്ദനം ചെയ്യുന്നു. പൂർവ്വകാലങ്ങളിൽ മറഞ്ഞിരുന്നിട്ടു ഇപ്പോൾ വെളിപ്പെട്ടുവന്നതും നിത്യദൈവത്തിന്റെ നിയോഗപ്രകാരം സകലജാതികൾക്കും വിശ്വാസത്തിന്റെ അനുസരണത്തിന്നായി പ്രവാചകന്മാരുടെ എഴുത്തുകളാൽ അറിയിച്ചിരിക്കുന്നതുമായ മർമ്മത്തിന്റെ വെളിപ്പാടിന്നു അനുസരണമായുള്ള എന്റെ സുവിശേഷത്തിന്നും യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗത്തിന്നും ഒത്തവണ്ണം നിങ്ങളെ സ്ഥിരപ്പെടുത്തുവാൻ കഴിയുന്ന ഏകജ്ഞാനിയായ ദൈവത്തിന്നു യേശുക്രിസ്തുമുഖാന്തരം എന്നെന്നേക്കും മഹത്വം ഉണ്ടാകുമാറാകട്ടെ. ആമേൻ".

പ്രഗൽഭനായ ഒരു മിഷനറി, (അപ്പൊസ്തലൻ) സഭാ സംഘാടകൻ, ക്രൈസ്തവ ചിന്തകൻ, ക്രിസ്തുഭക്തൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രസിദ്ധിയാർജ്ജിച്ച് സഭാചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിരിക്കുന്ന വി. പൌലൊസിന്റെ ക്രിസ്തീയജീവിതത്തിന്റെ അതിമനോഹരമായ ഒരു വശം ആകുന്നു 16-ാം അദ്ധ്യായത്തിലെ (3-16) അഭിവാദനങ്ങളിൽക്കൂടെ നമുക്ക് ദൃശ്യമാകുന്നത്. പൌലൊസ് സന്ദർശിക്കാത്ത ഒരു സഭയുടെ അംഗങ്ങളുടെ കൂട്ടത്തിൽ 24 വ്യക്തികൾ പൌലൊസിനു പരിചയമുള്ളവരായിരുന്നു എന്നത് കൗതുകകരമായ ഒരു വസ്തുതയാണ്. ഈ അദ്ധ്യായത്തിൽ നിന്ന് നമ്മുടെ ചിന്തക്ക് വിഷയമാകേണ്ട ചില സംഗതികൾ ചിന്തിക്കാം.

1. ക്രിസ്തീയജീവിതത്തിലും സേവനത്തിലും വ്യക്തിപരമായ സ്നേഹന്ധങ്ങൾക്കുള്ള സ്ഥാനം വളരെ വിലപ്പെട്ടതാകുന്നു. നമ്മുടെ കർത്താവ് ശിഷ്യന്മാരെ സ്നേഹിതന്മാർ എന്ന് വിളിച്ചതിൽ (യോഹ. 15:15) പ്രകടമായ സ്നേഹാർദ്ര മനോഭാവം വി. പൌലൊസിലും ഇവിടെ കാണാം. സഹവിശ്വാസികളെയും സഹപ്രവർത്തകരെയും ലോകപ്രകാരമുള്ള സ്ഥാന വ്യത്യാസങ്ങൾ കണക്കാക്കാതെ ക്രിസ്തുവിന്റെ സ്നേഹത്തിൽ ഒട്ടിച്ചുചേർക്കുന്നതിന് പൌലൊസിന് കഴിഞ്ഞിരുന്നു. ഇവിടെ കാണുന്ന വ്യക്തികളുടെ കൂട്ടത്തിൽ യെഹൂദക്രിസ്ത്യാനികളും, പുറജാതിക്രിസ്ത്യാനികളും, സ്ത്രീകളും, അടിമകളും, രാജകുടുംബത്തോട് ബന്ധപ്പെട്ടവരും ഉണ്ട് എന്നുള്ളത് ശ്രദ്ധേയമാണ്.

2. കർത്താവിനുവേണ്ടി മറ്റുള്ളവർ അനുഷ്ഠിക്കുന്ന സേവനത്തെ പ്രശംസിക്കുന്നതിനും അഭിനന്ദിക്കുന്നതിനും പൌലൊസ് സന്നദ്ധനായിരുന്നു. അപ്പൊസ്തലന്റെ ഹൃദയവിശാലതയും മഹാമനസ്കതയും ഇവിടെ വിളങ്ങി ശോഭിക്കുന്നു. അപ്പൊസ്തലന്റെ സഹപ്രവർത്തകരായ പ്രിസ്കാ, അകിലാവ് (4-ാം വാക്യം) പെർസിസ് (12-ാം വാക്യം) രൂഫൊസിന്റെ അമ്മ (13-ാം വാക്യം) എന്നിവരുടെ

പേരുകളുടെ കൂടെ ചേർത്തിരിക്കുന്ന വിശേഷണങ്ങൾ ശ്രദ്ധിക്കുക.

3. വി. പൗലൊസ് തന്റെ സഹപ്രവർത്തകരെയും സ്നേഹിതരെയും തന്നോട് ബന്ധപ്പെട്ടവരായി മാത്രമല്ല കർത്താവിനോടും ബന്ധപ്പെട്ടവരായി വീക്ഷിച്ചിരുന്നു. ക്രിസ്തുയേശു നിമിത്തമാണ് അവർ തന്റെ കൂട്ടുവേലക്കാരായത് എന്ന് പൗലൊസിന് ബോധ്യമുണ്ടായിരുന്നു (വാക്യങ്ങൾ 3, 8, 10, 12, 13 കാണുക). ക്രിസ്തുവിന്റെ കണ്ണുകളിലൂടെ മറ്റുള്ളവരെ നോക്കുമ്പോൾ അവർ എത്ര മനോഹാരിതയുള്ളവർ എന്ന് കാണാൻ സാധിക്കും.

ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് അത്രേ (24–26 വാക്യങ്ങൾ) ലേഖനം അവസാനിപ്പിക്കുന്നത് 25-ാം വാക്യത്തിൽ കാണുന്ന ഒരു പദപ്രയോഗം ചിന്താർഹമാണ്. യേശുക്രിസ്തുവിൽക്കൂടി വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തിന്റെ സുവിശേഷം പൗലൊസിന്റെ ജീവിതത്തിൽ അലിഞ്ഞുചേർന്നിരുന്നതിനാൽ അതിനെ 'എന്റെ സുവിശേഷം' എന്ന് പൗലൊസ് വിശേഷിപ്പിക്കുന്നു.

നമ്മുടെ ജീവിതം യേശുക്രിസ്തുവിന്റെ സുവിശേഷമായി മറ്റുള്ളവർ കാണുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ടോ?.

■■■

---

(ശേഷം പേജ് 14 - ൽ)

മനസ്സിലാക്കാം. ശരിയായ തീരുമാനമെടുക്കാൻ ക്രിസ്തുകേന്ദ്രീകൃതമായ ഒരു മുൻഗണനാക്രമം നമുക്കുണ്ടായിരിക്കണം. ക്രിക്കറ്റുകളിയുള്ള ഒരു ഞായറാഴ്ച രാവിലെ ആരാധനക്ക് പോകണമെന്ന് തീരുമാനമെടുക്കണമെങ്കിൽ ക്രിക്കറ്റിനെക്കാൾ ആത്മീയതക്ക് പ്രാധാന്യം കൊടുക്കാൻ കഴിയണം. ക്രിസ്തുകേന്ദ്രീകൃതമായ കുടുംബവും ക്രിസ്തുകേന്ദ്രീകൃതമായ ജോലിയും ക്രിസ്തുകേന്ദ്രീകൃതമായ പഠനവും ക്രിസ്തുകേന്ദ്രീകൃതമായ ശുശ്രൂഷയും ക്രിസ്തുകേന്ദ്രീകൃതമായ സഭയും ശരിയായ തീരുമാനമെടുക്കാൻ നമ്മെ സഹായിക്കും.

നാലാമതായി അദൃശ്യനായ ദൈവത്തെ കണ്ടതുപോലെ ഉറച്ചുനിന്നു. എന്താണ് അതിന്റെ അർത്ഥം? അദൃശ്യനായ ദൈവത്തിന്റെ സാന്നിദ്ധ്യം ഉറപ്പാക്കുന്ന നിലയിലായിരിക്കണം നമ്മുടെ തീരുമാനങ്ങൾ. ചിലർ ചോദിക്കാറുള്ള ഒരു ചോദ്യം സിനിമ കാണുന്നത് ശരിയാണോ എന്നാണ്. അതിന് മുതിർന്ന ഒരാൾ നല്കിയ ഒരു മറുപടി, "നിങ്ങൾ സിനിമ കാണാൻ പോകുമ്പോൾ രണ്ട് ടിക്കറ്റ് എടുക്കുക. ഒന്ന് നിങ്ങൾക്കും മറ്റൊന്ന് യേശുവിനും. യേശുവിന് നിങ്ങളോടൊപ്പം വരാൻ കഴിയുന്നിടത്ത് മാത്രം പോകുക". നാം എടുക്കുന്ന ഏതൊരു തിരുമാനത്തിലും ദൈവം കൂടെയുണ്ടെന്ന് ഉറപ്പാക്കുക എന്നാണ് അതിന്റെ അർത്ഥം.

■■■

---

(ശേഷം പേജ് 10 - ൽ)

യുണ്ട്; പക്ഷെ എനിക്കു വേണ്ടത്. സമാധാനമാണ്. അതിനേക്കാൾ വലിയ അനുഗ്രഹം എന്താണുള്ളത്? ഞാൻ നിന്നെ വിടുകയില്ല." ഉടനെ അവൻ എന്റെ പേരു ചോദിച്ചു. അവന് അറിയാഞ്ഞിട്ടല്ല, ഞാൻ എന്തുപറയും എന്നറിയാൻ വേണ്ടി! അപ്പൻ ചോദിച്ചപ്പോൾ ഞാൻ കള്ളം പറഞ്ഞില്ലേ? ഞാൻ സത്യസന്ധമായി 'യാക്കോബ്' എന്നു പറഞ്ഞു. അവൻ എന്റെ പേരുമാറ്റി. 'യിസ്രായേൽ' എന്നാക്കി. കൂടാതെ എന്റെ തുടയിൽ ശക്തമായി തൊട്ടു ഉളുക്കിപ്പോയി. അന്നുമുതൽ മുടന്തനായി പക്ഷേ അനുഗ്രഹം കിട്ടി. ആ സ്ഥലത്തിനു ഞാൻ 'പെനീയൽ' എന്നു പേരിട്ടു. മുടന്തനായെങ്കിലും പുതിയ പേരു ലഭിച്ച ആ രാത്രി എനിക്കു മറക്കാനാവില്ല. അനുഗ്രഹം ലഭിച്ചതുകൊണ്ട്. പിറ്റേന്ന് എന്റെ സഹോദരനെ ഞാൻ കണ്ടപ്പോൾ "ദൈവത്തിന്റെ മുഖം പോലെയായിരുന്നു "അത്. വൈരാഗ്യമെല്ലാം അലിഞ്ഞുപോയി. എന്റെ എല്ലാ ഭാരങ്ങളും നീങ്ങിപ്പോയി." "യോസേഫേ ദൈവം നിന്നെ അനുഗ്രഹിക്കും. ഞാനും നിന്നെ അനുഗ്രഹിക്കുന്നു. ഇതു പറഞ്ഞിട്ട് യാക്കോബ് ഉറക്കത്തിലേക്കു വഴുതിവീണു.

■■■

---



# ഫെയ്സ്ബുക്ക് പേജ്

www.facebook.com/egmofindia

## രക്ഷാ സന്ദേശം

എല്ലാ ഞായറാഴ്ച്ചയും തിരുവചനഭാഗത്ത്
നിന്നുള്ള ധ്യാനചിന്തകൾ





# ലോകത്തിന്റെ ചവറ്
(തുടർച്ച)

അങ്ങനെ ഭൗതികമായും സാമൂഹ്യമായും പാപ്പരായ പൌലൊസ് ലോകത്തിന്റെ ചവറ് എന്ന സ്ഥാനം തിരഞ്ഞെടുത്ത ചുരുക്കം ചിലരുടെ പട്ടികയിൽ പെട്ടിരിക്കയാണ്. ചവറ് എന്ന നിലയിൽ നിശ്ചയമായും മനുഷ്യപാദങ്ങളാൽ ചവിട്ടപ്പെടും എന്നു മനസ്സിലാക്കുവാൻ ഇത് അവനെ സഹായിച്ചു. അരയോപഗക്കുന്നിൽവെച്ച് തത്വജ്ഞാനികളായ സ്റ്റോയിക്കുകളോടും എപ്പിക്കൂര്യരോടും ശരിയായ ഉത്തരം പറയുവാൻ അവന് കഴിഞ്ഞെങ്കിലും, ക്രിസ്തുനിമിത്തം അവൻ മനസ്സോടെ തന്നെത്തന്നെ 'ഭോഷൻ' എന്നു മതിച്ചു. യേശുവിന് ലോകത്തിന്റെ വിരോധം അടിസ്ഥാനപരവും അനുസ്യൂതവും ആയിരുന്നു.

സഹോദരന്മാരെ, ഇതാണൊ നമ്മുടെ തിരഞ്ഞെടുപ്പ്? പഠിപ്പില്ലാത്തവരും അറിവില്ലാത്തവരുമായ ആളുകളുടെ കൂട്ടത്തിൽ നമ്മെയും ഉൾപ്പെടുത്തുന്നതിനെക്കാൾ കൂടുതൽ നമ്മെ പീഡിപ്പിക്കുന്നതെന്ത്? പഠിപ്പില്ലാത്തവനും അറിവില്ലാത്തവനും ആയ ഒരുവനാണ്. "വെളിപ്പാട്" എഴുതിയെന്നിരുന്നാലും ആയത് പഠിപ്പുള്ളവനെ അമ്പരിപ്പിക്കുന്നു. തങ്ങളുടെ ഹൃദയങ്ങൾ അഗ്നിയാൽ ജ്വലിപ്പിക്കപ്പെടുന്നതിനെക്കാളുപരി തങ്ങളുടെ മസ്തിഷ്കം നിറയുവാൻ ആഗ്രഹിക്കുന്ന ശുശ്രൂഷകരുടെ ഒരു ബാധയാലാണ് നാമിന്നു പ്രയാസം അനുഭവിക്കുന്നത്. ഒരു പ്രസംഗി തലക്കനത്തിലേക്കാണു ചായുന്നതെങ്കിൽ അവൻ പ്രസംഗപീഠത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പു അവന്റെ പരിശീലനകാലം കഴിക്കട്ടെ. അവൻ ഒരിക്കലായി അവിടെ എത്തിക്കഴിഞ്ഞാൽ, ജീവിതത്തിനുവേണ്ടി അതിലായിക്കഴിയും. വലിയ ഇടയന്റെ മുമ്പാകെ തന്റെ ആട്ടിൻകൂട്ടത്തിന്റെ പേരുകൾ വഹിക്കുന്നതിനോ അല്ലെങ്കിൽ അതുപോലെ അവരുടെ ആത്മാവിനാവശ്യമായ ആഹാരം ഒരുക്കുന്ന ഉത്തരവാദിത്വം നിറവേറ്റുന്നതിനൊ ദിവസത്തിന്റെ ഇരുപത്തിനാല് മണിക്കൂറുകൾ അപര്യാപ്തമാകകൊണ്ട് കൂടുതൽ ബിരുദങ്ങൾ അവനു വിഷയമാകയില്ല. ആത്മീയകാര്യങ്ങൾ, ആത്മീയമായി വിവേചിക്കണം, മനഃശാസ്ത്രപരമായിട്ടല്ല എന്നതാണ് യാഥാർത്ഥ്യം. ദൈവത്തിനൊ, അവന്റെ ന്യായവിധിക്കൊ യതൊരു വ്യത്യാസവും വന്നിട്ടില്ല. അവന്റെ വിശേഷാധികാരത്തിൽ വിവേകികളിൽനിന്ന് മറച്ച് "ശിശുക്കൾക്ക് വെളിപ്പെടുത്തുന്ന" കാര്യങ്ങൾ ഇന്നും ഉണ്ട്. സഹോദരന്മാര, ശിശുക്കൾക്ക്, അഗാധ പാണ്ഡിത്യം ഒന്നും ഇല്ലല്ലോ! ഈ കാലത്തെ സഭ മുമ്പുണ്ടായിട്ടുള്ള ഏതു കാലത്തെക്കാളും അതിന്റെ ശുശ്രൂഷയിൽ ഉന്നതമായ പാണ്ഡിത്യ നിലവാരം പുലർത്തുന്നുവെന്നു പ്രശംസിക്കുന്ന ഒന്നത്രെ. എന്നാൽ നാം ജഡത്തിൽ വിജയാഹ്ലാദം മുഴക്കുന്നതിനു മുമ്പ് ഒരുനിമിഷം നിൽക്കുക. നമുക്കു അതുപോലെ തന്നെ പണ്ടത്തെ ഏതു കാലത്തെക്കാളും ഏറ്റവും താഴ്ന്ന ആത്മീയ ജനനനിരക്കും ആണുള്ളത്. കാരണം സഹോദരനായ അപ്പൊല്ലോസിന്റേതുപോലുള്ള നിങ്ങളുടെ നയാഗ്രസമാന വാഗ്ധോരണി പിശാചിനെ വിറപ്പിക്കുന്നതേയല്ല എന്നുള്ളതുതന്നെ!

ലോകത്തിൽനിന്നും ഉള്ള വേർപാടിന്റെ രേഖ സുവ്യക്തവും, നിർണ്ണായകവും, നിന്ദയുറ്റതുമത്രെ. ബനിയന്റെ പരദേശി മോക്ഷയാത്രക്കാർ മയച്ചന്തയിൽകൂടി കടന്നുപോകുന്നതു ഒരു നല്ല ദൃശ്യം തന്നെയാണ്. ലോകമയന്മാരിൽ നിന്നും അവർ വസ്ത്രധാരണത്തിലും, സംഭാഷണത്തിലും, താല്പര്യങ്ങളിലും മൂല്യബോധത്തിലും തികച്ചും വ്യത്യസ്തർ ആയിരുന്നു. ഇന്ന് നമ്മുടെ ജീവിതത്തിലും ഇത് ഇപ്രകാരം തന്നെയാണോ?

കഴിഞ്ഞ ലോകമഹായുദ്ധ കാലത്ത് ഒരു ബ്രിട്ടീഷ് ജനറൽ പറഞ്ഞു; നാം നമ്മുടെ പട്ടാളക്കാരെ പകക്കുവാൻ പഠിപ്പിക്കണം, എന്തുകൊണ്ടെന്നാൽ മനുഷ്യർ എന്തിനെ പകക്കുന്നുവോ അതിനോടു അവർ പടപൊരുതും." തികഞ്ഞ സ്നേഹത്തെക്കുറിച്ച് ധാരാളം കേട്ടിട്ടുണ്ട്; എങ്കിലും "കോപിച്ചാൽ പാപം ചെയ്യാതിരിക്കുന്നത്" എങ്ങനെയെന്നും നാം അറിയേണ്ടതാകുന്നു. ആത്മനിറവുള്ള വിശ്വാസി അതിക്രമം അനീതി, അശുദ്ധി എന്നിവയെ പകെക്കുകയും, അവക്കെല്ലാമെതിരെ സമരംചെയ്യുകയും

ചെയ്യും. പൗലൊസ് ലോകത്തെ പകച്ചതുകൊണ്ട്, ലോകം പൗലൊസിനെയും പകച്ചു. നമുക്കും, ഈ എതിർപ്പിന്റെ ഏർപ്പാടാണ് ആവശ്യം.

തകർത്തുടക്കുന്ന എതിർപ്പിന്റെ മദ്ധ്യേയാണു സ്റ്റാൻലി അദ്ദേഹത്തിന്റെ "അന്ധകാരംനിറഞ്ഞ ആഫ്രിക്ക" എന്ന ഗ്രന്ഥവും, ജനറൽ ബൂത്ത് "അന്ധകാരംനിറഞ്ഞ ഇംഗ്ലണ്ട്" എന്ന പുസ്തകവും രചിച്ചത്. സ്റ്റാൻലി ഉത്തുംഗവും ദുർഗ്ഗമവുമായ ഘോര വനങ്ങളെ അതിൽ പതുങ്ങിയിരിക്കുന്ന പുള്ളിപ്പുലികളോടും കൗശലംനിറഞ്ഞ പാമ്പുകളോടും അന്ധകാരത്തിലെ വന്യമൃഗങ്ങളോടുംകൂടെ കണ്ടു. ബൂത്ത് ആകട്ടെ, ഇംഗ്ലണ്ടിന്റെ തെരുവീഥികളെ ദൈവം അവയെ കണ്ടതുപോലെ കാണുകയും (പതുങ്ങിയിരിക്കുന്ന മോഹം, പാപത്തിന്റെ അഴുക്കുചാലുകൾ, ചൂതാട്ടത്തിനുള്ള അത്യാർത്തി, ആപൽക്കരമായ വേശ്യാവൃത്തി) അവയോടു പടപൊരുതുവാൻ ദൈവത്തിന്റെ ഒരു സേനയെ പടുത്തുയർത്തുകയും ചെയ്തു. നമ്മുടെ നേരെ മുമ്പിലുള്ള തെരുവീഥികൾ ഇപ്പോൾ പ്രവർത്തന വയലുകൾ അത്രെ. നല്ല പെരുമാറ്റത്തോടെയും മനോഹരമായി വസ്ത്രധാരണം ചെയ്തും, മിതഭാഷിണിയായും പോകുന്ന ഒരു മഹതി പക്ഷേ പുൽക്കുപ്പായമണിഞ്ഞ മൌ മൌ പ്രസ്ഥാനത്തിലെ ഒരു അമ്മയെപ്പോലെ തന്നേ, ദൈവത്തിങ്കൽനിന്നും വളരെ വിദൂരതയിൽ ആയിരിക്കാവുന്നതാണ്. നമ്മുടെ പട്ടണങ്ങൾ ഇന്ന് അശുദ്ധിയിൽ അഴിഞ്ഞാടുന്നു, രാത്രിതോറും ടെലിവിഷനു മുമ്പിൽ സ്വപ്നംകാണുന്ന ഒരു ക്രിസ്ത്യാനിക്ക് മൃതിയടഞ്ഞ ഒരു മസ്തിഷ്കവും പാപ്പരായിത്തീർന്ന ഒരു ആത്മാവുമാണുള്ളത്. പാപിയുടെ അന്ധത ഇനിയൊട്ടും അവന്റെ ആത്മാവിനെ കൂടുതൽ പിച്ചിച്ചീന്തത്തക്കവണ്ണം ശിഥിലവും, അയഞ്ഞതും വിഷയാസക്തവും ആയ ഈ കാലഘട്ടത്തിന്റെ പിടിയിൽപ്പെടാതെ, ഈ ലോകത്തോടു വിടവാങ്ങേണ്ടതിന് അവൻ ദൈവാശ്രയം തേടുന്നുവെങ്കിൽ അതായിരിക്കും അവൻ ചെയ്യുന്ന ഉത്തമകാര്യം. ഇന്നു ഓരോ തെരുവും പൈശാചിക ക്രൂരത, മദ്യപാനം, വിവാഹമോചനം, അന്ധത, നിത്യനാശം എന്നിവ പ്രവഹിക്കുന്ന ഒരു പുഴതന്നെ ആയിക്കഴിഞ്ഞിരിക്കയാണ്. നിങ്ങൾ ഇതിനെല്ലാം എതിരായ ഒരു നിലപാട് അവലംബിക്കുന്നുവെങ്കിൽ, ലോകം നിങ്ങളെ പകെക്കും എന്നുള്ള കാര്യത്തിൽ, സഹോദരന്മാരെ, ആശ്ചര്യപ്പെടേണ്ടതില്ല. നിങ്ങൾ ഈ ലോകത്തിന്റേതായിരുന്നുവെങ്കിൽ ലോകം തനിക്കു സ്വന്തമായവരെ സ്നേഹിക്കുമായിരുന്നു.

പൗലൊസ് നല്ല വ്യക്തമായ ഭാഷയിൽ പ്രഖ്യാപിച്ചു." ലോകം എനിക്കു ക്രൂശിക്കപ്പെട്ടിരിക്കുന്നു." എന്ന് ഇത് ഇരുപതാംനൂറ്റാണ്ടിലെ ക്രിസ്ത്യാനികളിൽനിന്നും വളരെ അപ്പുറത്താണൊ? ദുഷ്പ്രവൃത്തിക്കാരുടെ അവമാനിതാവസ്ഥയെ കാണുവാൻ വന്ന നിരവധി ജനക്കൂട്ടത്തിന് ഗൊല്ഗൊഥാ സാക്ഷ്യംവഹിച്ചു. ക്രൂശിങ്കൽ വിവിധ വിനോദ പ്രദർശനങ്ങൾ ഉണ്ടായിരുന്നു' എന്നാൽ അതിനിരയായവരെ ദർശിപ്പാൻ അടുത്ത സുപ്രഭാതത്തിൽ ആരാണു പോയത്? അവരുടെ കണ്ണുകൾ കൊത്തിപ്പറിക്കേണ്ടതിനും, വാരിയെല്ലുകൾ ഉരിയേണ്ടതിന്നുമായി, ആദ്യം സന്ദർശിച്ചത് കഴുക്കൾ ആയിരുന്നു; അനന്തരം നിർഭാഗ്യരായ ഇവരുടെ അവയവങ്ങളെ നായ്ക്കളും തിന്നു. അങ്ങനെ വികൃതമാക്കപ്പെട്ടതും ആയ ഭയങ്കര കുറ്റവാളി ഒരു ഭീകരസ്വപ്നം തന്നെയായിരുന്നു. ഇതുപോലെതന്നെ പൗലൊസിനും ക്രൂശിക്കപ്പെട്ട ലോകം അത്രക്കു അനാകർഷകമായിരുന്നു. വെറുപ്പു തോന്നുന്നതായിരുന്നു.

നാമും ആന്തരിക നടുക്കത്തോടും വിറക്കുന്ന അധരങ്ങളോടുംകൂടെ ലോകം എനിക്കു ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നുള്ള ഈ ശൈലി ഉരുവിട്ടുവെന്നുവരാം. നാം "ഈ ലോകത്തിനും അതിന്റെ കളിപ്പാട്ടങ്ങൾക്കും, അതിന്റെ നിരർത്ഥകമായ പ്രൗഢിക്കും ഗ്ലാനീഭവിക്കുന്ന സന്തോഷങ്ങൾക്കും മരിച്ചവരായിത്തീരുമ്പോൾ" മാത്രമെ, പൗലൊസ് അനുഭവവേദ്യമാക്കിയ സ്വാതന്ത്ര്യം നമുക്കും അറിയുവാൻ കഴിയൂ. ക്രിസ്തുവിനെ അനുഗമിക്കുന്നവരായ നാം ലോകത്തെയും അതിന്റെ അഭിപ്രായങ്ങളെയും, പ്രശംസകളെയും, യോഗ്യതകളെയും ആദരിക്കുന്നു എന്നുള്ളതാണ് വ്യക്തമായ യാഥാർത്ഥ്യം. ഒരു ആധുനിക വിമർശകൻ പറയുന്നത്, വിശ്വാസികളായ നമുക്ക് നമ്മുടെ ദൈവത്തിനു പകരം സ്വർണ്ണവും വിശ്വാസപ്രമാണത്തിനു പകരം അത്യാഗ്രഹവും ആണ് ഉള്ളതെന്ന്. (ഈ ചുട്ട പ്രസ്താവനയിൽ ക്ഷോഭിക്കുന്നത് അപരാധികളായവർ മാത്രമായിരിക്കും.) മറുവശത്ത് ഈ കൃപാസംവത്സരത്തിൽ, മറ്റുള്ളവർ ഉരിഞ്ഞുകളഞ്ഞ വസ്ത്രങ്ങളുമണിഞ്ഞ് ഈ സമുദ്രത്തിന്റെ ഇരുവശങ്ങളിലുമായി ദൈവത്തിന്റെ പേരിൽ എങ്ങനെയെങ്കിലും പണം ഉണ്ടാക്കാൻ കൊതിക്കുന്ന ചില വിശുദ്ധന്മാർ ഉണ്ടെന്ന് എനിക്കറിയാം. വേർപാടിനെപ്പറ്റി വളരെ ശക്തിയായി ഊന്നിപ്പറഞ്ഞിരുന്ന പൗലൊസിന് എപ്പോഴെങ്കിലും മാനസാന്തരപ്പെട്ട ആരെയെങ്കിലും കിട്ടിയോ എന്ന് ആശ്ചര്യപ്പെട്ടേക്കും.

ലോകം തനിക്കു ക്രൂശിക്കപ്പെട്ടിരുന്ന ഈ അനുഗ്രഹീത മനുഷ്യനെ "ഭ്രാന്തൻ" ആയിട്ടാണ് പരിഗ

(ശേഷം പേജ് 30 – ൽ)

## 80 ദശലക്ഷം അമേരിക്കക്കാർ ആത്മീക ഉണർവ്വ് പ്രതീക്ഷിക്കുന്നതായി റിപ്പോർട്ട്



അടുത്ത വർഷത്തിനുള്ളിൽ ഒരു ആത്മീക പുനരുജ്ജീവനം ഉണ്ടാകുമെന്ന് യു.എസിലെ പത്തിൽ മൂന്നു മുതിർന്നവരും വിശ്വസിക്കുന്നു. 2026 ലെ സ്റ്റേറ്റ് ഓഫ് ദി ചർച്ച് സംരംഭത്തിന്റെ ഭാഗമായി ഗ്ലൂവുമായി സഹകരിച്ച് നടത്തിയ ഗവേഷണ റിപ്പോർട്ടാണ് ബർണ ഗ്രൂപ്പ് പുറത്തുവിട്ടിരിക്കുന്നത്. 2026 ഫെബ്രുവരിയിലെ സർവ്വേ പ്രകാരം ഏകദേശം 803 ദശലക്ഷം ആളുകളെ പ്രതിനിധീകരിക്കുന്ന യു.എസിലെ മുതിർന്നവരിൽ 29 ശതമാനം പേരും ഒരു പുനരുജ്ജീവനത്തിന് സാദ്ധ്യതയുണ്ടെന്ന് വിശ്വസിക്കുന്നു. ജനറൽ ഇസഡിൽ ആ സാദ്ധ്യത ഗണ്യമായ ഉയരുന്നു. അവിടെ 38 ശതമാനം പേർ ആത്മീയ ഉണർവ്വ് പ്രതീക്ഷിക്കുന്നു. ദൈവത്തെയും ആത്മീയ കാര്യങ്ങളെയും കുറിച്ചുള്ള പുതുക്കിയ ജിജ്ഞാസയിലേക്കുള്ള നിസ്സംഗതയിൽനിന്ന് ശ്രദ്ധേയമായ സാസ്രിക മാറ്റത്തെ ഇത് അടയാളപ്പെടുത്തുന്നുവെന്ന് ഗവേഷകർ പറയുന്നു. ഉണർവ്വ് അടുത്തിരിക്കുന്നു എന്ന് വിശ്വസിക്കുന്നവർക്ക് പ്രാർത്ഥനയാണ് പ്രധാന ഘടകം എന്ന് 46 ശതമാനം പർ ചൂണ്ടിക്കാണിക്കുന്നു. ദൈവത്തിങ്കലേക്ക് തിരിയുന്ന യുവാക്കൾ (44 ശതമാനം) ദൈവവുമായി വ്യക്തിപരമായ അനുഭവങ്ങൾ (39 ശതമാനം) ആത്മീയ സത്യത്തിനായുള്ള വർദ്ധിച്ചുവരുന്ന വിശപ്പ് (37 ശതമാനം) എന്നിവയാണ് മറ്റ് പ്രധാന സൂചകങ്ങൾ

Source: www.discipelsnews.com

## ബഹിരാകാശ അത്ഭുത 'മെക്കാനിക്ക്' ഉപഗ്രഹങ്ങളെ നന്നാക്കാൻ 'സ്റ്റാർഫിഷ് സ്പേസ് വരുന്നു!



ബഹിരാകാശ ഗവേഷണരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കുറിച്ചുകൊണ്ട് അമേരിക്കൻ കമ്പനിയായ 'സ്റ്റാർഫിഷ് സ്പേസ്' തങ്ങളുടെ സാന്നിദ്ധ്യം ഉറപ്പിക്കുകയാണ്. പ്രവർത്തനരഹിതമാകുന്ന ഉപഗ്രഹങ്ങളെ നന്നാക്കാനും അവയുടെ ആയുസ് വർദ്ധിപ്പിക്കാനും ശേഷിയുള്ള 'ഓട്ടർ' എന്ന അത്യാധുനിക ബഹിരാകാശ വാഹനമാണ് ഈ കുതിപ്പിന് പിന്നിൽ. 2019-ൽ ബ്ലൂ ഒറിജിനിലെ മുൻ എഞ്ചിനീയർമാരായ ഓസ്റ്റിൻ ലിങ്കും ഡോ. ട്രെവർ ബെന്നറ്റും ചേർന്ന് തുടക്കം കുറിച്ച ഈ സംരംഭം, ഇന്ന് നാസയുടെയും യു.എസ്. സ്പേസ് ഫോഴ്സിന്റെയും ഏറ്റവും വിശ്വസ്ത പങ്കാളികളിലൊന്നായി മാറിയിരിക്കുന്നു. ബഹിരാകാശ മാലിന്യങ്ങൾ കുറെക്കാനും നിലവിലുള്ള ഉപഗ്രഹങ്ങളെ കൂടുതൽകാലം സംരക്ഷിക്കാനും ലക്ഷ്യമിട്ടുള്ള ഓട്ടർ വാഹനം ഒരു പുതിയ യുഗത്തിനാണ് തുടക്കമിടുന്നത്. സ്വയംനിയന്ത്രിത സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഓട്ടറിന് മറ്റ് ഉപഗ്രഹങ്ങളെ കൃത്യമായി കണ്ടെത്താനും അവയുമായി സുരക്ഷിതമായി ബന്ധിക്കാനും (Docking) സാധിക്കും. 'സെറ്റേഷ്യൻ' 'സെഫാലോപോഡ്' എന്നീ നൂതന സോഫ്റ്റ്‌വെയറുകളും 'നോട്ടിലസ്' എന്ന പ്രത്യേക ഡോക്കിങ് സംവിധാനവും ഇതിനായി ഉപയോഗിക്കുന്നു. ബഹിരാകാശ ട്രാഫിക് നിയന്ത്രിക്കാനും അപകടങ്ങൾ ഒഴിവാക്കാനും സാധിക്കും. ഇന്ധനം തീരാറായ ഉപഗ്രഹങ്ങളെ വലിച്ച് കൃത്യമായ ഭ്രമണപഥത്തിൽ എത്തിക്കാനും കാലാവധി കഴിഞ്ഞവയെ സുരക്ഷിതമായി അന്തരീക്ഷത്തിലേക്ക് തള്ളിവിട്ട് നശിപ്പിക്കാനും ഈ വാഹനത്തിന് കഴിയും ഇതിലൂടെ ബഹിരാകാശ ട്രാഫിക് നിയന്ത്രിക്കാനും അപകടങ്ങൾ ഒഴിവാക്കാനും സാധിക്കുമെന്നത് ഈ സാങ്കേതികവിദ്യയുടെ വലിയൊരു നേട്ടമാണ്.

സമീപകാല നേട്ടങ്ങളിൽ ഏറ്റവും ശ്രദ്ധേയം 2025-ൽ വിക്ഷേപിച്ച 'ഓട്ടർ പപ്പ്-2' (Otter Pup 2) ദൗത്യമാണ്. ലോകത്തിലാദ്യമായി ഒരു വാണിജ്യഉപഗ്രഹത്തെ ബഹിരാകാശത്ത്‌വെച്ച് സ്വയംനിയന്ത്രിതമായി ബന്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ഇതിലൂടെ നടക്കുന്നു. കൂടാതെ 2026-ന്റെ തുടക്കത്തിൽ യുഎസ് സ്പേസ് ഫോഴ്സുമായി ചേർന്ന് 54.5 ദശലക്ഷം ഡോളറിന്റെയും സ്പേസ് ഡെവലപ്മെന്റ് ഏജൻസിയുമായി (SDA) ചേർന്ന് 52.5 ദശലക്ഷം ഡോളറിന്റെയും വമ്പൻ കരാറുകളിൽ കമ്പനി ഒപ്പിട്ടുകഴിഞ്ഞു. ഭൂമിയുടെ ലോ എർത്ത് ഓർബിറ്റിലെയും ജിയോസ്റ്റേഷനറി ഓർബിറ്റിലെയും ഉപഗ്രഹങ്ങൾക്ക് സേവനം നൽകാനാണ് ഈ കരാറുകൾ ലക്ഷ്യമിടുന്നത്. ഭാവിയെ മുൻനിർത്തി 'ഇന്റൽസാറ്റ്', 'സെസ്' തുടങ്ങിയ പ്രമുഖ ഉപഗ്രഹ സേവന ദാതാക്കളുമായും സ്റ്റാർഫിഷ് സ്പേസ് കൈകോർത്തിട്ടുണ്ട്. 2026-ൽ വിക്ഷേപിക്കുന്ന വിവിധ ഓട്ടർ വാഹനങ്ങൾ വാണിജ്യഉപഗ്രഹങ്ങളുടെ ആയുസ്സ് നീട്ടുന്നതിനായി നിയോഗിക്കപ്പെടും.

Source: www.manoramaonline.com

(പേജ് 28 - ൽ നിന്നും)

ണിച്ചത്. ഇതിനും പുറമെ, മറ്റുള്ളവർ തന്നെ കൊലപ്പെടുത്തുന്നതിനു മുതിരത്തക്കവണ്ണമത്രെ പൌലൊസ് തന്റെ ദൂത് അവതരിപ്പിച്ചിരുന്നത്. എന്തുകൊണ്ടെന്നാൽ അവരുടെ "തൊഴിൽ അപകടത്തിൽ ആയി" എന്നുള്ളതു തന്നേ! ഈ ധന്യരായ അപ്പൊസ്തലന്മാർ, ലോകത്തോടും അതിനെ മനുഷ്യരോടും കാട്ടിയ ആരോഗ്യദായകവും വിശുദ്ധവുമായ അവഗണന നമ്മെ ലജ്ജിപ്പിക്കേണ്ടതത്രെ.

"സ്വർഗ്ഗത്തിലേക്കുള്ള കിഴുക്കാംതൂക്കായ കയറ്റം ആപത്തുകളിലൂടെയും കഠിനാദ്ധ്വാനത്തിലും വേദനയിലൂടെയും അവർ കയറി; അല്ലയോ ദൈവമേ, അവരുടെ കാലടികളെ അനുഗമിപ്പാൻ, ഞങ്ങൾക്കും കൃപ നൽകണമേ."

എത്രയും വേഗം "മർത്ത്യതയോട് വിടവാങ്ങുകയും നിത്യതയെ സ്വാഗതംചെയ്യുകയും" ചെയ്യും. പ്രിയ വിശ്വാസിയേ, നമുക്കായി യാഗമായിത്തീർന്നവനുവേണ്ടി, ത്യാഗാത്മകസേവനം അനുഷ്ഠിക്കുന്നതിനുള്ള ഒരു സംവത്സരത്തിന്റെ സകല ഭാവുകങ്ങളും ഇതാ ഇവിടെ നേർന്നുകൊള്ളുന്നു. നമുക്കും നമ്മുടെ ഓട്ടം സന്തോഷത്തോടെ ഓടിത്തികക്കാം.

■■■

ഡോ. വി. പി. മത്തായി വാലയിൽ എഴുതിയ
'ദൈവഹിതവും ദൈവശബ്ദവും എങ്ങനെ തിരിച്ചറിയും..?' എന്ന പുസ്തകം ഇപ്പോൾ വില്പനയിൽ. ഈ പുസ്തകം വാങ്ങുവാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടുക.
8281616654



മിഷൻഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം



## ദൈവം കുഞ്ഞിനെ നൽകി അനുഗ്രഹിച്ചു

വിവാഹം കഴിഞ്ഞ് മൂന്ന് വർഷമായിട്ടും കുഞ്ഞുങ്ങളില്ലാത്തത് എന്റെ ദാമ്പത്യജീവിതത്തിൽ വലിയ പ്രതിസന്ധികൾ സൃഷ്ടിച്ചിരുന്നു. നിരന്തരമായ കലഹങ്ങൾക്കൊടുവിൽ എന്റെ ആദ്യഭാര്യ എന്നെ ഉപേക്ഷിച്ചുപോയി. ആ തകർച്ചയിൽ എന്റെ കുടുംബാംഗങ്ങൾ ഏറെ ദുഃഖിതരാകുകയും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയാൽ ഞാൻ വീണ്ടും വിവാഹം കഴിച്ചു. അധികം വൈകാതെതന്നെ എന്റെ ഭാര്യ ഗർഭിണിയായെങ്കിലും ഏഴാം മാസത്തിൽ ആ ഗർഭം അലസിപ്പോയി. ആ വലിയ വേദനയുടെ സമയത്ത് ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ശാലേം ഗോസ്പൽ മിഷൻ ചർച്ചിലെ വിശ്വാസികൾ എല്ലാവരും ഞങ്ങളെ ആശ്വസിപ്പിക്കുകയും ഞങ്ങൾക്കായി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്തു.

വിശ്വസ്തനായ കർത്താവ് വീണ്ടും ഉദരഫലം നൽകി അനുഗ്രഹിച്ചു. എന്നാൽ മുമ്പത്തെപ്പോലെതന്നെ ഏഴാം മാസത്തിൽ സങ്കീർണ്ണതകൾ ആരംഭിച്ചു. അമ്മയുടെയും കുഞ്ഞിന്റെയും ജീവൻ അപകടത്തിലാണെന്ന് ഡോക്ടർമാർ വിധിയെഴുതി. എന്നാൽ പ്രാർത്ഥനയുടെ ശക്തിയാൽ എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഏഴാം മാസത്തിൽത്തന്നെ പ്രസവം നടന്നു. കർത്താവ് ഞങ്ങൾക്ക് സുന്ദരിയായ ഒരു മകളെ നൽകി അനുഗ്രഹിച്ചു. ഇപ്പോൾ അമ്മയും മകളും പൂർണ്ണ ആരോഗ്യവതികളായിരിക്കുന്നു. ഞങ്ങളുടെ ജീവിതത്തിൽ ഇത്ര വലിയ അത്ഭുതം പ്രവർത്തിച്ച കർത്താവായ യേശുക്രിസ്തുവിന് ഞാൻ നന്ദി അർപ്പിക്കുന്നു.

പ്രവീൺ കത്രേ, സില്ലി, മഹാരാഷ്ട്ര

# ആരോഗ്യവിചാരം

## വെള്ളം കുടിച്ചത് കൂടിപ്പോയി! എങ്ങനെ തിരിച്ചറിയാം?



**വേ**നൽക്കാലത്ത് ശരീരത്തിലെ ജലാംശം നിലനിർത്തേണ്ടത് വളരെ പ്രധാനമാണെങ്കിലും അമിതമായി വെള്ളം കുടിക്കുന്നത് അപകടമാണെന്ന് ആരോഗ്യവിദഗ്ദ്ധർ മുന്നറിയിപ്പ് നൽകുന്നു. ഇത് ശരീരത്തിന്റെ സ്വാഭാവിക താളത്തെ തകിടംമറിക്കും. ഇത് ഹൈപ്പോനട്രീമിയ അഥവാ വാട്ടർ ഇൻടോക്സിക്കേഷൻ എന്ന അപകടകരമായ അവസ്ഥയിലേക്ക് നയിക്കാമെന്നും വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു.

രക്തത്തിലെ സോഡിയത്തിന്റെ അളവ് അമിതമായി കുറയുന്ന അവസ്ഥയാണ് ഹൈപ്പോനട്രീമിയ, സോഡിയം കുറയുമ്പോൾ ശരീരത്തിലെ കോശങ്ങൾ ഉള്ളിലേക്ക് വെള്ളം വലിച്ച് വീർക്കാൻ തുടങ്ങുന്നു. ഇത് തലച്ചോറിലെ കോശങ്ങളെ ബാധിക്കുമ്പോൾ കഠിനമായ തലവേദന, ആശയക്കുഴപ്പം, ഛർദ്ദി എന്നിവയുണ്ടാകുകയും ശരിയായ ചികിത്സ ലഭിച്ചില്ലെങ്കിൽ ജീവൻതന്നെ അപകടത്തിലാവുകയും ചെയ്യാം.

**എത്ര വെള്ളം കുടിക്കണം?**

ഒരാൾ എത്ര വെള്ളം കുടിക്കണം എന്നത് അയാളുടെ ശരീരഭാരം, പ്രവർത്തനങ്ങൾ, കാലാവസ്ഥ, ഭക്ഷണക്രമം എന്നിവയെ ആശ്രയിച്ചിരിക്കും. സാധാരണഗതിയിൽ ഒരു മുതിർന്ന വ്യക്തി പ്രതിദിനം രണ്ട് മുതൽ മൂന്ന് ലിറ്റർ വരെ വെള്ളം കുടിക്കുന്നതാണ് ഉചിതം. ശാസ്ത്രീയമായി പറഞ്ഞാൽ, വൃക്കകൾക്ക് ഒരു മണിക്കൂറിൽ ഏകദേശം 800 മില്ലി മുതൽ 1 ലിറ്റർ വരെ വെള്ളം മാത്രമേ പുറന്തള്ളാൻ കഴിയൂ. ഇതിൽ കൂടുതൽ വെള്ളം ചുരുങ്ങിയ സമയത്തിനുള്ളിൽ കുടിക്കുന്നത് വൃക്കകൾക്ക് അമിതഭാരമുണ്ടാക്കും.

**ശരീരത്തിന് ആവശ്യമായ വെള്ളം ലഭിക്കുന്നുണ്ടോയെന്ന് തിരിച്ചറിയാൻ എന്ത് ചെയ്യണം.?**

- ദാഹം തിരിച്ചറിയുക.
- അനാവശ്യമായി വെള്ളം കുടിച്ചുകൊണ്ടിരിക്കുന്നതിന് പകരം ശരീരം ദാഹം പ്രകടിപ്പിക്കുമ്പോൾ മാത്രം കുടിക്കുക.
- മൂത്രത്തിന്റെ നിറം പരിശോധിക്കുക.
- മൂത്രത്തിന് ഇളംമഞ്ഞ നിറമാണെങ്കിൽ ജലാംശം കൃത്യമാണെന്നാണ് അർത്ഥം. എന്നാൽ മൂത്രം തെളിഞ്ഞവെള്ളംപോലെയാണെങ്കിൽ നിങ്ങൾ ആവശ്യത്തിലധികം വെള്ളം കുടിക്കുന്നുണ്ടെന്ന് മനസ്സിലാക്കാം.

കഠിനമായ വെയിലത്ത് ജോലിചെയ്യുന്നവരും കായികതാരങ്ങളും വെള്ളത്തോടൊപ്പം ഇലക്ട്രോലൈറ്റുകൾ (ഉപ്പും പഞ്ചസാരയും ചേർത്ത വെള്ളം അല്ലെങ്കിൽ കരിക്കിൻവെള്ളം) ഉൾപ്പെടുത്തുന്നത് സോഡിയംബാലൻസ് നിലനിർത്താൻ സഹായിക്കും.

■■■

source: www.samakalikamalayalam.com



## ജീവിത പങ്കാളിയെ തേടി

സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപ്പര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............. വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :.............................................................. ഒപ്പ്:.......................

ഭാഗം : 05

# ബൈബിൾ ക്വിസ് MAY 2026



(1 രാജാക്കന്മാർ, വെളിപ്പാട്, GM ഏപ്രിൽ 2026)

1. ഞാൻ സകല ഭൂവാസികളുടെയും വഴിയായി പോകുന്നു. ആരുടെ വാക്കുകൾ?
2. ആലയത്തിനു പുറത്തുള്ള പ്രാകാരം ആർക്ക് കൊടുത്തിരിക്കുന്നു?
3. സമാധാനസമയത്ത് യുദ്ധരക്തം ചൊരിയിച്ചത് ആര് ?
4. വിശുദ്ധനഗരത്തെ 42 മാസം ചവിട്ടുന്നത് ആര് ?
5. അവന്റെ നരയെ സമാധാനത്തോടെ പാതാളത്തിൽ ഇറങ്ങുവാൻ സമ്മതിക്കരുത്. ആരുടെ?
6. നമ്മുടെ ജീവിതക്രമത്തിനും വിശ്വാസത്തിനും അടിസ്ഥാനമായി സ്വീകരിക്കേണ്ടത് എന്ത് ?
7. അവർ നിന്റെ മേശയിൽ ഭക്ഷണം കഴിക്കുന്നവരുടെ കൂട്ടത്തിൽ ഇരിക്കട്ടെ. ആരെല്ലാം?
8. രട്ട് ഉടുത്തുകൊണ്ട് 1260 ദിവസം പ്രവചിക്കുന്നത് ആര് ?
9. നീ അവനെ ശിക്ഷിക്കാതെ വിടരുത് ആരെ?

*ശരിയുത്തരങ്ങൾ തപാൽ / ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20-ാം തീയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.*

10. രണ്ട് സാക്ഷികൾക്ക് ദോഷം വരുത്തുവാൻ ഇച്ഛിക്കുന്നവർ എങ്ങനെ മരിക്കും?

## ബൈബിൾ ക്വിസ് 2026 - ഭാഗം 4 ശരിയുത്തരങ്ങൾ

1. തൃക്കൂടാരത്തിൽനിന്ന് (1 രാജാക്കന്മാർ 1:39)
2. കുതിരകളുടെ (വെളിപ്പാട് 9:19)
3. അബ്യാഥാരിന്റെ മകൻ യോനാഥാൻ (1 രാജാക്കന്മാർ 1:42)
4. ഏഴ് ഇടിനാദം (വെളിപ്പാട് 10:4)
5. ഗീഹോനിൽ (1 രാജാ. 1:45)
6. വയറ്റിനെ കൈപ്പിക്കും എങ്കിലും വായിൽ തേൻപോലെ മധുരിക്കും (വെളിപ്പാട് 10:9)
7. കട്ടിലിന്മേൽ (1 രാജാക്കന്മാർ 1:48)
8. ദണ്ഡുപോലെ (വെളിപ്പാട് 11:1)
9. 'കുടി'യുടെ (ജി.എം. മാർച്ച് പേജ് 25)
10. അദോനീയാവ് (1 രാജാക്കന്മാർ 1:52)

## ഭാഗം-3 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

സുജ നെൽസൺ, തങ്കച്ചി വർഗീസ്, തങ്കമ്മ ഔസേഫ്, ബിനി റെജി, ജിൻസി എഡ്ബി, ഗ്രേസി ചാക്കോ, ജാൻസി ജോൺ, ലീലാമ്മ ജോസ്, അമ്മാൾ ഫിലിപ്പ്, സുജാ മോൾ തോമസ്, ജേക്കബ് റ്റി. സി.

# പ്രവർത്തകരെ ബന്ധപ്പെടാം

**GOSPEL TEAM**

STATE CO-ORDINATOR

P.V. JOSEPH : 94465 96654

ORGANIZER

M.O. JOSE : 86067 04376

**ZONAL SECRETARIES**

CHINNU RAJAN : 99953 29889

JANCY VARGHESE : 94465 23654

C.K. ABRAHAM : 94478 74276

VALSA KURIAKOSE : 94972 80050

M.A. MATHAI : 85473 90680

**ഓഫീസ്** OFFICE TIME : 9.30 am - 6.00 pm


Address : E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA - 683556

Phone : (+91) 8281616654 (Whatsapp)

E-mail : egmofindia@gmail.com

Website : www.egmofindia.com

**Dr. V. P. MATHAI VALAYIL**

Phone : (+91) 9447707654

E-mail : vpmathaivalayil@gmail.com

# ഇ.ജി.എം. ഓഫ് ഇന്ത്യ

## കുടുംബസംഗമവും 19-ാമത് സ്ഥാപകദിനവും

2026 മെയ് 1 (വെള്ളിയാഴ്ച്ച) **6 PM - 9.15 PM**

## അല്ലപ്ര മിഷൻ സെന്ററിൽ

വചന ശുശ്രൂഷ



Rev. തോമസ് മാത്യു



Dr. വി. പി. മത്തായി
വാലയിൽ

**ഏവർക്കും സ്വാഗതം !!!**

ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള മിഷനറിമാരും പ്രതിനിധികളും വൈദീകരും സുവിശേഷകരും പങ്കെടുക്കുന്നു.

## പ്രേയർ ടവർ



നമ്മുടെ മിഷന്റെ ഗാർഡിയൻ പ്രേയർ സെല്ലിന്റെ ഭാഗമായി നമ്മൾ ആരംഭിച്ചിരിക്കുന്നതാണ് **'പ്രേയർ ടവർ'**. ദൈവമക്കൾ മിഷൻ സെന്ററിൽ ഒരുമിച്ചിരുന്ന് **10 am - 1 pm** വരെ ലഭിക്കുന്ന പ്രാർത്ഥനാ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

കൂടാതെ ദിവസത്തിൽ അര മണിക്കൂർ സമയം വീട്ടിലിരുന്ന് പ്രാർത്ഥിക്കുവാൻ താല്പര്യമുള്ള ദൈവമക്കൾക്ക് പ്രാർത്ഥനാവിഷയങ്ങൾ അയച്ചു തരുന്നതാണ്. അതിനായി പേരും അഡ്രസ്സും പ്രാർത്ഥനയ്ക്ക് തിരഞ്ഞെടുക്കുന്ന സമയവും വാട്സാപ്പ് നമ്പറും മിഷന്റെ ഓഫീസ് നമ്പറായ +91 8281 616654 എന്ന നമ്പറിലേക്ക് അയച്ചു തന്നാൽ മതിയാകും. ഏതു വിധത്തിലും നമ്മുടെ മിഷന്റെ പ്രേയർ ടീമിന്റെ ഭാഗമാകാൻ താങ്കളെ സ്നേഹപൂർവ്വം നിർബന്ധിക്കുന്നു.

എന്ന്,

**ഡയറക്ടർ**

പേജ് 20 തുടർച്ച

## ഇ.ജി.എം. ഓഫ് ഇന്ത്യ ഭാരതഗ്രാമങ്ങളിൽ

ഭാരത ഗ്രാമങ്ങളിൽ വിവിധ സംസ്ഥനാങ്ങളിലായി ഇ.ജി.എം. ഓഫ് ഇന്ത്യക്ക് ഇന്ന് 154 മിഷൻ സെന്ററുകളും, 325 – സുവിശേഷവേലക്കാരും, 58 – ഗോസ്പൽ മിഷൻ ചർച്ചുകളും , 7300 വിശ്വാസികളും 74 – സൺഡേ സ്കൂൾ സെന്ററുകളും, 85 – സൺഡേ സ്കൂൾ അദ്ധ്യാപകരും, 1100 വിദ്യാർത്ഥികളും ഉണ്ട്. മിഷൻ ഫീൽഡുകളിൽ ഞായറാഴ്ച ആരാധന, സൺഡേസ്കൂൾ, യൂത്ത് അസ്സോസിയേഷൻ, മഹിളാ സമാജം, ബൈബിൾ സ്റ്റഡി, ഭവന സന്ദർശനം എല്ലാം ഭംഗിയായി നടന്നു വരുന്നു. മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഛത്തീസ്ഗഡ്, എന്നിവിടങ്ങളിൽ ഏറെ പ്രതിസന്ധിയിലൂടെയാണ് സഭ മുന്നോട്ട് പോകുന്നത്. വിരോധികൾ ആരാധന നടത്തുന്നതിന് പ്രയാസം ഉണ്ടാക്കുന്നു. വിശ്വാസികൾ വളരെ ഭയത്തോടെയാണ് പലപ്പോഴും ആരാധനയിൽ പങ്കെടുക്കുന്നത്. ബിലാസ്പൂർ, റായ്പ്പൂർ, ജാംബുവ എന്നീ ജില്ലകളിൽ ഫീൽഡ് വിസിറ്റിംഗ് നടത്തുന്നതിന് സാധിക്കുന്നില്ല. ഇവിടങ്ങളിലെ വേലയെ ഓർത്തു പ്രത്യേകം പ്രാർത്ഥിക്കാം. മഹാരാഷ്ട്രയിലെ ഗോന്ദിയ ജില്ലയിൽ ശാലേം ഗോസ്പൽ മിഷൻ ചർച്ചിന്റെയും ഇ. ജി. എം സോണൽ ഓഫീസിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു .

അസം ഫീൽഡിലെ ചർച്ചിന്റെ കോമ്പൗണ്ട് വാൾ നിർമാണം പൂർത്തീകരിച്ചു. കൃപാ ഭവൻ ദാൻ യോജനയിലൂടെ ഗുജറാത്ത്, രാജസ്ഥാൻ, ഛത്തീസ്ഗഡ്, വെസ്റ്റ് ബംഗാൾ എന്നീ സ്റ്റേറ്റുകളിലെ നമ്മുടെ ശുശ്രൂഷകർക്കു വേണ്ടി പണിതുവരുന്ന ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മിഷൻ ഫിൽഡുകളിലെ പ്രവർത്തനങ്ങളുടെ അനുഗ്രഹീത നടത്തിപ്പിനായി പ്രാർത്ഥനയിൽ നമുക്കും പങ്കാളികളാകാം.

# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്
Support for the works in a Mission field : ₹ 15,000/

ഒരു മിഷനറിയുടെ സംരക്ഷണത്തിന്
support for a Missionary : ₹ 5,000/

ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്
Evangelisation of a village : ₹ 2,500/

ബൈബിൾ, സുവിശേഷപ്രതികൾക്ക്
Distribution of Bible, Tracts etc. : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു ആരാധനാലയം നിർമ്മിക്കുവാൻ
Construction of a Church : ₹ 10,00,000/

ഗ്രാമത്തിൽ ഒരു പ്രേയർ ഹാൾ
Construction of a Prayer Hall in a village : ₹ 4,00,000/

ഫീൽഡിലേക്ക് ഒരു ടൂവീലർ
Buy a twowheeler to the Mission field : ₹ 1,00,000/

ഫീൽഡിലേക്ക് ഒരു സൈക്കിൾ
Buy a cycle to the Mission field : ₹ 5,000/

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം
Distribute Lunch In Tribal school : ₹ 5,000/

മെഡിസിൻ വിതരണത്തിന്
Distribution of medicine : ₹ 1000/

ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള പാലിയേറ്റീവ് സേവനങ്ങൾക്ക്
Palliative Care for a BPL Family : ₹ 1,000/

ഒരു മിഷനറിയുടെ ഒരുകുട്ടിയുടെ വിദ്യാഭ്യാസചിലവ്
Support : ₹ 1,700/

വിദ്യാഭ്യാസ സഹായം
Educational help : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു വീട് നിർമ്മിക്കുവാൻ
Construction of a house for the poor : ₹ 4,00,000/

സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും അടങ്ങുന്ന കിറ്റ്
school uniform, bag & shoes : ₹ 1,500/

## ബാങ്ക് വിവരങ്ങൾ

**Name :** EGM OF INDIA **A/c No :** 337 572 223 61

**Name :** MATHAI V.P. **A/c No :** 303 940 841 48

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

UPI ID: egmofindia@sbi

## ബാങ്ക് വിവരങ്ങൾ

**Name:** HELP INDIA MISSION
**A/c No:** 100 302 000 284 26
**Name:** MATHAI V.P. **A/c No:** 100 301 005 826 13

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

UPI ID: helpindia@fbl

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

**പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

- 2000/- രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)



Help India Mission

# Vidhya Kiran Yojana

*Illuminating Futures*

# സ്വപ്നങ്ങൾക്ക് ചിറകേകി വിദ്യാകിരൺ യോജന





### അറിവിന്റെ വെളിച്ചം മിഷൻ ഗ്രാമങ്ങളിലേക്ക്

ഒഡീഷയിലെ നമ്മുടെ മിഷൻ ഫീൽഡായ ഹാറ്റമുനിഗുഡയിലെ വിശ്വാസിയുടെ ഇരട്ടകുട്ടികളാണിവർ. കുടുംബത്തിലെ ദയനീയമായ സാമ്പത്തിക ചുറ്റുപാടുകളാൽ പഠിക്കാൻ മിടുക്കരായ ഇവരുടെ ഉപരിപഠനം വഴിമുട്ടിയപ്പോൾ 'ഹെൽപ്പ് ഇന്ത്യ മിഷൻ' ഇവരുടെ സഹായത്തിനെത്തി. 'വിദ്യാകിരൺ യോജന' എന്ന പദ്ധതിയിലൂടെ ഈ കുട്ടികൾ BSc Nursing പഠിച്ചു വരുന്നു. അവർ ഇപ്പോൾ വിജയകരമായി രണ്ടാം വർഷത്തിൽ എത്തിനിൽക്കുന്നു.

### എന്താണ് വിദ്യാകിരൺ യോജന?

നമ്മുടെ മിഷൻ ഫീൽഡുകളിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസവും മികച്ച ഒരു തൊഴിൽ ജീവിതവും ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**ലക്ഷ്യം:** നന്നായി പഠിക്കുന്ന കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന ഏത് കോഴ്സിനും (Higher Studies) അഡ്മിഷൻ ലഭ്യമാക്കുക. പഠനം പൂർത്തിയാക്കുന്നതോടെ അവർക്ക് മാന്യമായ ജോലി ഉറപ്പാക്കി അവരെയും അവരുടെ കുടുംബത്തെയും സ്വയംപര്യാപ്തരാക്കുക.

### നമുക്ക് എങ്ങനെ പങ്കുചേരാം?

ഈ വലിയ ദൗത്യത്തിൽ നിങ്ങളുടെ ഓരോരുത്തരുടെയും പങ്കാളിത്തം ഞങ്ങൾ ചോദിക്കുന്നു. ഒരു കുട്ടിയുടെ പഠനത്തിനും ഹോസ്റ്റൽ താമസത്തിനുമായി ഏകദേശം താഴെ പറയുന്ന തുക ആവശ്യമായി വരുന്നു:

**പ്രതിമാസം:** ₹10,000 രൂപ | **വാർഷികം:** ₹1,00,000 മുതൽ ₹2,00,000 വരെ (കോഴ്സുകൾക്ക് അനുസൃതമായി)

'ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ മക്കളെയും ഉന്നതങ്ങളിലേക്ക് എത്തിക്കുവാൻ നമ്മളാൽ കഴിയുന്നതെല്ലാം ചെയ്യാം. കർത്താവിന്റെ കൃപയാൽ ഈ ദൗത്യം വിജയകരമായി മുന്നോട്ട് പോകുവാൻ നമുക്ക് പ്രയത്നിക്കാം.

FEDERAL BANK

Scan & Support

helpindia1@fbl

ഹെൽപ്പ് ഇന്ത്യ മിഷന്റെ ചാരിറ്റി പ്രവർത്തനങ്ങൾക്കായി 80G പ്രകാരം Income Tax ഇളവ് ലഭിക്കുന്നതാണ്. അതിനായി 100 302 000 284 26 എന്ന അക്കൗണ്ട് നമ്പർ ഉപയോഗപ്പെടുത്തുക.

### BANK DETAILS

| | |
|---|---|
| HELP INDIA MISSION | V.P. MATHAI (Official) |
| A/C No. 100 302 000 284 26 | A/C No. 100 301 005 826 13 |

Federal Bank, Perumbavoor
IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com | Ph: 9747407654

RNI Reg. No. KERMAL/2009/34305

GOSPEL MESSENGER MONTHLY വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)


# ബൈബിൾ സ്റ്റഡി

2026 മെയ് 4 (തിങ്കൾ) മുതൽ മെയ് 8 (വെള്ളി) വരെ
(Time: 10 am - 4 pm)

## അല്ലപ്ര മിഷൻ സെന്ററിൽ

ക്ലാസ്സുകൾ നയിക്കുന്നത്



Rev. ബേസിൽ ജോർജ്ജ് | Br. ബാബു പുല്ലാട് | Dr. വി. പി. മത്തായി വാലയിൽ | Br. സാം മല്ലപ്പള്ളി | Evg. ചാണ്ടപ്പിള്ള ഫിലിപ്പ് | Evg. സോളോ ഫിലിപ്പ്

ദാനിയേൽ – വെളിപ്പാട് താരതമ്യ പഠനം, സുവിശേഷങ്ങൾ, മരണാനന്തരം എന്ത്?, ഗലാത്യലേഖന പഠനം, ശിഷ്യത്വം, ട്രിപ്പിൾ ബി എന്നീ വിഷയങ്ങൾ ആസ്പദമാക്കിയുള്ള ബൈബിൾ സ്റ്റഡിയാണ് ക്രമീകരിക്കുന്നത്.

ക്ലാസ്സുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം. ഇന്ന് തന്നെ പേര് രജിസ്റ്റർ ചെയ്യുക.

Contact: +91 9447707654, +91 8281616654

# രക്ഷാസന്ദേശം ടി. വി പ്രോഗ്രാം

POWERVISION

പവർവിഷൻ ചാനലിൽ
ബുധനാഴ്ച രാത്രി 9 ന്



## യൂട്യൂബ് ചാനൽ സന്ദർശിക്കുക

www.youtube.com/egmofindia Subscribe

ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.


Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi - 682 028 and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm - 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.